Kerala Gazette No. 30 dated 28th July 1981.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2339/എൽ. എ. 4/81. തിരുവനന്തപുരം, 1981 ഫെബ്രുവരി 25.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1981-ലെ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് ബിൽ, ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

ആറാം കേരള നിയമസഭ
ബിൽ നമ്പർ 66.

1981-ലെ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് ബിൽ

കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കുകളുടെ
കാര്യക്ഷമമായ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനുള്ള
ഒരു ബിൽ

പീഠിക.—കേരള സംസ്ഥാനത്തിൽ സഹകരണ കാർഷിക വികസന ബാങ്കുകളുടെ കാര്യക്ഷമമായ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നത് ഉചിതമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

അദ്ധ്യായം 1

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 1981-ലെ കേരള സംസ്ഥാന സഹകരണ കാർഷികവികസന ബാങ്ക് ആക്റ്റ് എന്നു പേർ പറയാം.

G. 1070

(2) ഇതിനു കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇതു ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിനു മററുവിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(എ) "കാർഷികവികസന ബാങ്ക്" എന്നതിന്, 1951-ലെ തിരു-കൊച്ചി സഹകരണ സംഘ ആക്റ്റി (1952-ലെ 10) ലെ 10-ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേരള സഹകരണ കേന്ദ്ര ഭൂപണയ ബാങ്ക് ക്ലിപ്തം എന്നർത്ഥമാകുന്നതും ഇനിമേലിൽ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് ക്ലിപ്തം എന്ന് അറിയപ്പെടുന്നതുമാണ്;

(ബി) "ബോർഡ്" എന്നതിന് കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് ക്ലിപ്തത്തിന്റെ ഡയറക്ടർ ബോർഡ് എന്ന് അർത്ഥമാകുന്നു;

(സി) പ്രൈമറി ബാങ്കിനെ സംബന്ധിച്ചിടത്തോളം, "കമ്മിററി" എന്നതിന് ഡയറക്ടർ ബോർഡ് എന്നോ ബോർഡ് ഓഫ് മാനേജ്മെൻറ് എന്നോ മാനേജ്മെൻറ് കമ്മിററി എന്നോ കാര്യനിർവ്വഹണ ചുമതല നിക്ഷിപ്തമായിട്ടുള്ള ഭരണസമിതി എന്നോ അർത്ഥമാകുന്നു;

(ഡി) "സഹകരണസംഘം" എന്നതിന് 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കണക്കാക്കപ്പെട്ടതോ ആയ ഒരു സഹകരണസംഘം എന്നർത്ഥമാകുന്നു.

(ഇ) "ഗഹാൻ" എന്നതിന് വായ്പയായി നൽകിയിട്ടുള്ളതോ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ പണത്തിന്റെ ഉറപ്പിലേക്കായി കാർഷികവികസന ബാങ്കിന്റെയോ ഒരു പ്രൈമറി ബാങ്കിന്റെയോ പേർക്ക് കടം വാങ്ങുന്നവർ രേഖാമൂലം നൽകുന്ന ഒരു പ്രഖ്യാപനത്തിൻമേൽ മാത്രം സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളിൽ ഏർപ്പെടുത്തുന്നതും നിയമാനുസൃതമായ ഒരു പണയത്തിന്റെ എല്ലാ സ്വഭാവങ്ങളും ഉള്ളതുമായ ഒരു പ്രത്യേക ചാർജ് എന്നർത്ഥമാകുന്നു.

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നതിന് ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു.

(ജി) പ്രൈമറി ബാങ്ക്, എന്നതിന് 1969-ലെ കേരള സഹകരണസംഘം ആക്റ്റ് (1969-ലെ 21) പ്രകാരം ഒരു പ്രൈമറി സഹകരണ കാർഷിക വികസന ബാങ്ക് ക്ലിപ്തം ആയി രജിസ്റ്റർ ചെയ്യപ്പെട്ടതും കാർഷിക വികസന ബാങ്കിന്റെ അംഗമായി ചേർത്തിട്ടുള്ളതുമായ ഒരു സഹകരണസംഘം എന്നർത്ഥമാകുന്നതും അതിൽ പ്രസ്തുത ആക്റ്റുപ്രകാരം ഒരു പ്രൈമറി സഹകരണ ഭൂപണയബാങ്ക് ക്ലിപ്തം ആയി രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതോ ആയതും കേരള സഹകരണ കേന്ദ്രഭൂപണയ ബാങ്ക് ക്ലിപ്തത്തിന്റെ അംഗമായി ചേർത്തിട്ടുള്ളതും ഇനി മേലാൽ പ്രൈമറി സഹകരണ കാർഷികവികസന ബാങ്ക് ക്ലിപ്തം എന്നറിയപ്പെടുന്നതുമായ ഒരു സഹകരണസംഘം ഉൾപ്പെടുന്നതുമാകുന്നു,

(എച്ച്) "രജിസ്ട്രാർ" എന്നതിന് 1969-ലെ കേരള സഹകരണസംഘം ആക്റ്റി (1969-ലെ 21) ലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട സഹകരണസംഘം രജിസ്ട്രാർ എന്നർത്ഥമാകുന്നു.

(ഐ) "സംസ്ഥാനം" എന്നതിന് കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ജെ) "ട്രസ്റ്റി" എന്നതിന് 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ട്രസ്റ്റി എന്നർത്ഥമാകുന്നു.

അദ്ധ്യായം II

കടപ്പത്രങ്ങൾ

3. ബോർഡ് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങൾ:—(1) ട്രസ്റ്റിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ഗഹാണിന്റെയോ പണയത്തിന്റെയോ കാർഷിക വികസനബാങ്ക് ഏറ്റെടുത്തിട്ടുള്ള മററു ആസ്തികളുടെയോ ഉറപ്പിന്മേലും അതിന്റെ മററു മുതലുകളുടെയോ, അല്ലെങ്കിൽ പ്രൈമറി ബാങ്കുകൾ കാർഷികവികസന ബാങ്കിന് കൈമാററം ചെയ്തിട്ടുള്ളതോ 14-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം കൈമാററം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതോ ആയ ഗഹാണിന്റെയോ പണയത്തിന്റെയോ ഉറപ്പിന്മേലും ഒന്നോ അതിൽ കൂടുതലോ തരത്തിലുള്ള കടപ്പത്രങ്ങൾ അനുയോജ്യമെന്നു തോന്നുന്ന കാലാവധിവച്ച് ബോർഡിന് പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റ് ഗാരന്റിയിന്മേൽ ഏതെങ്കിലും ഒരു വ്യക്തിക്കോ, ഏകാംഗസമാജമാക്കപ്പെട്ടതോ അല്ലാത്തതോ ആയ ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും നിയമംമൂലമോ നിയമപ്രകാരമോ സ്ഥാപിക്കപ്പെട്ടതോ അല്ലാത്തതോ ആയ ഏതെങ്കിലും വ്യക്തികളുടെ സമിതിയ്ക്കോ, അങ്ങിനെയുള്ള ഒരു സമിതിയെ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിൽ, നൽകപ്പെട്ടിട്ടുള്ള വായ്പകൾക്ക് ട്രസ്റ്റിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ഗഹാണിന്റെയോ പണയത്തിന്റെയോ ഉറപ്പു കൂടാതെ അപ്രകാരമുള്ള ഗവൺമെന്റ് ഗാരന്റിയുടെ ബലത്തിൽ ഒന്നോ അതിൽകൂടുതലോ തരത്തിലുള്ള കടപ്പത്രങ്ങൾ ബോർഡിന് അനുയോജ്യമെന്നു തോന്നുന്ന കാലാവധികൾക്കും ഗവൺമെന്റിന് ചുമത്താൻ യുക്തമെന്ന് തോന്നുന്ന നിബന്ധനകൾക്കും വിധേയമായി, പുറപ്പെടുവിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കടപ്പത്രങ്ങളിൽ അവ പുറപ്പെടുവിക്കുന്ന തീയതി മുതൽ മുപ്പതുവർഷത്തിൽ കവിയാത്ത ഒരു കാലാവധി—ഈ കാലയളവിൽ അവ വീണ്ടെടുക്കുവാൻ പാടില്ലാത്തതായിരിക്കും—നിശ്ചയിച്ചുകൊണ്ടോ അല്ലെങ്കിൽ ബന്ധപ്പെട്ട കടപ്പത്രക്കൈവശക്കാരന് മൂന്നു മാസത്തിൽ കുറയാത്ത രേഖാമൂലമായ നോട്ടീസ് നൽകിയതിനുശേഷം വീണ്ടെടുക്കാനായി നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മുൻപായി എപ്പോൾ വേണമെങ്കിലും ഏത് കടപ്പത്രവും തിരികെ ആവശ്യപ്പെടാനുള്ള അധികാരം ബോർഡിന് നൽകികൊണ്ടോ ഉള്ള ഒരു നിബന്ധന ഉണ്ടായിരിക്കേണ്ടതാകുന്നു.

(4) ബോർഡ് നൽകിയ കടപ്പത്രങ്ങളിൽ നിന്നും കിട്ടാനുള്ളതും ഏതെങ്കിലും അവസരത്തിൽ ബാക്കി നിൽക്കുന്നതുമായ മൊത്തം തുക ഗഹാൺ പ്രകാരമോ പണയപ്രകാരമോ ചെല്ലേണ്ട തുകയുടെയും മററും ആസ്തികളുടെയും (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗവൺമെന്റ് ഗാരന്റിയും അതു പ്രകാരം നൽകപ്പെട്ടിട്ടുള്ളതും ആ സമയത്ത് ബോർഡിന്റെയോ ട്രസ്റ്റിയുടെയോ വശം അവശേഷിക്കുന്നതുമായ തുകകളുടെയും ആകെത്തുകയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

4. ബോണ്ടുകൾ പുറപ്പെടുവിച്ചുകൊണ്ടോ വായ്പയായോ പണം കടമെടുക്കുന്നതിനുള്ള അധികാരം.—(1) 1969-ലെ കേരള സഹകരണസംഘ ആക്റ്റിൽ (1969-ലെ 21) എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്, ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും, ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള റെഗുലേഷനുകൾക്ക് വിധേയമായും ബോണ്ടുകൾ പുറപ്പെടുവിച്ച് പണം കടമെടുക്കാവുന്നതാണ്.

എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അതതുസമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും അനുസരണമായിട്ടായിരിക്കണം ബോണ്ടുകൾ പുറപ്പെടുവിക്കേണ്ടത്.

(2) ബോണ്ടുകൾ പ്രോനോട്ടിന്റെ രൂപത്തിലായിരിക്കേണ്ടതും ബോണ്ടുപുറപ്പെടുവിച്ച തീയതി മുതൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അംഗീകരിച്ച കാലാവധിയോ കാലാവധികളോ അവസാനിക്കുമ്പോൾ പണം തിരിച്ചു നൽകേണ്ടതുമാണ്.

എന്നിരുന്നാലും ബോർഡിന്, അപ്രകാരം നിശ്ചയിട്ടുള്ള കാലാവധിക്കു മുൻപായി എപ്പോൾ വേണമെങ്കിലും ബോർഡ് ഈ ആവശ്യത്തിലേക്കായി നിർദ്ദേശിക്കുന്നവിധത്തിലുള്ള ഒരു നോട്ടീസ് ബോണ്ടിന്റെ കൈവശക്കാർക്ക് നൽകിയ ശേഷം ബോണ്ട് പ്രകാരം നൽകേണ്ട തുക മടക്കികൊടുക്കാവുന്നതാണ്.

(3) 1969-ലെ കേരള സഹകരണസംഘ ആക്റ്റിൽ (1969-ലെ 21) എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന് ഗവൺമെന്റിൽനിന്നും അഗ്രികൾച്ചറൽ റീഫൈനാൻസ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും റിസർവ് ബാങ്കിൽ നിന്നും അപ്രകാരമുള്ള മററു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ട്രസ്ററി അംഗീകരിക്കുന്നപ്രകാരം വായ്പയായി പണം കടമെടുക്കാവുന്നതാണ്.

5. ട്രസ്ററിയുടെ നിയമനവും അധികാരങ്ങളും ചുമതലകളും.—(1) രജിസ്ട്രാർ അല്ലെങ്കിൽ ഗവൺമെന്റ് ഈ ആവശ്യത്തിലേക്കായി നിയമിക്കുന്ന മററ് ഏതെങ്കിലും വ്യക്തി ഉള്ളപക്ഷം ആ വ്യക്തി കാർഷികവികസന ബാങ്കിനു ബോർഡ് പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ കൈവശക്കാരോട് ഉള്ള കടമകൾ നിറവേററുന്നതിനുള്ള ട്രസ്ററി ആയിരിക്കുന്നതാണ്.

(2) കാർഷിക വികസനബാങ്കിന്റെ പേർക്ക് എഴുതികൊടുത്തിട്ടുള്ള ഗഹാനും പണയാധാരങ്ങളും 12-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് കാർഷിക വികസന ബാങ്കിനു കൈമാററപ്പെട്ടതോ കൈമാററം ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതോ ആയ മററു ഗഹാൻ, പണയങ്ങൾ, ആസ്തികൾ എന്നിവയും അപ്രകാരം ചമച്ചതോ എഴുതി കൊടുത്തതോ കൈമാററം ചെയ്തതോ ആയ ദിവസം മുതൽ ട്രസ്ററിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) കടപ്പത്രങ്ങളുടെ കൈവശക്കാർക്ക് എല്ലാ ഗഹാനിലും പണയങ്ങളിലും ആസ്തികളിലും അങ്ങനെയുള്ള ഗഹാനോ പണയമോ പ്രകാരം നൽകിയിട്ടുള്ളതും ബോർഡിന്റെയോ ട്രസ്ററിയുടെയോ കൈവശമിരിക്കുന്നതുമായ തുകകളിലും കാർഷികവികസന ബാങ്കിന്റെ മററ് വസ്തുക്കളിലും ഒരു സ്ഥിരമല്ലാത്ത ചാർജ്ജ് ഉണ്ടായിരിക്കുന്നതാണ്.

(4) ട്രസ്ററിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും കാർഷിക വികസനബാങ്കും ട്രസ്ററിയും തമ്മിലുണ്ടാക്കിയിട്ടുള്ളതും ബോർഡും ട്രസ്ററിയും തമ്മിൽ ഉഭയസമ്മതപ്രകാരം അതതു സമയം ഭേദഗതി വരുത്തുന്നതുമായ ഉടമ്പടിമൂലം നിയന്ത്രിക്കപ്പെടുന്നതാണ്.

(5) കടപ്പത്രങ്ങൾക്കുള്ള ട്രസ്റ്റിയുടെ നാമധേയത്തിൽ ട്രസ്റ്റി ഒരു ഏകാംഗമായിരിക്കുന്നതും അതിന് ശാശ്വത പിൻതുടർച്ചാവകാശവും പൊതു മുദ്രയും ഉണ്ടായിരിക്കുന്നതും ഏകാംഗയോഗത്തിന്റെ പേരിൽ വ്യവഹാരം ചെയ്യാവുന്നതും വ്യവഹാരം ചെയ്യപ്പെടാവുന്നതുമാണ്.

6. **കടപ്പത്രങ്ങളുടെയും ബോണ്ടുകളുടെയും കടങ്ങളുടെയും മുതലിനും പലിശക്കും ഗവൺമെന്റു നൽകുന്ന ഗാരന്റി.**—(1) മൂന്നാം വകുപ്പ് അനുസരിച്ച് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളുടെയും നാലാം വകുപ്പുപ്രകാരം നൽകുന്ന ബോണ്ടുകളുടെയും എടുക്കുന്ന വായ്പകളുടെയും മുതലിനും പലിശയ്ക്കും ഗവൺമെന്റ് അതതുസമയം നിശ്ചയിക്കുന്ന പരമാവധി തുകയ്ക്ക് ഗവൺമെന്റിന് യുക്തമെന്ന് തോന്നുന്ന നിബന്ധനകൾക്ക് വിധേയമായും, രണ്ടാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായും ഗവൺമെന്റിന്റെ ഗാരന്റിയുണ്ടായിരിക്കുന്നതാണ്.

(2) ഗവൺമെന്റിന് ബോർഡുമായും ട്രസ്റ്റിയുമായും കൂടിയാലോചിച്ചശേഷം,—

(എ) ഗസറ്റിൽ വിജ്ഞാപനം ചെയ്തും

(ബി) ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ആറുമാസത്തിനു മുൻപല്ലാത്ത ഒരു പ്രത്യേക തീയതി, മുതൽ 14 ദിവസത്തിൽ കുറയാത്ത നോട്ടീസ് നൽകുകയും ചെയ്ത്, ഗവൺമെന്റ് നൽകിയ ഗാരന്റി നിറുത്തലാക്കുകയോ പരമാവധി തുക ക്ലിപ്തപ്പെടുത്തുകയോ അതു കൊടുത്തതിനാധാരമായ നിബന്ധനകൾക്കു ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

എന്നാൽ ഈ ഉപവകുപ്പ് ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് പുറപ്പെടുവിച്ച കടപ്പത്രങ്ങൾക്കോ ബോണ്ടുകൾക്കോ എടുത്ത വായ്പകൾക്കോ ബാധകമായിരിക്കുന്നതല്ല.

7. **ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിനായി ചട്ടങ്ങളുണ്ടാക്കുന്നതിന് ബോർഡിനുള്ള അധികാരം.**—ബോർഡിന് ട്രസ്റ്റിയുടെ അംഗീകാരത്തിനു വിധേയമായും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കും വിരുദ്ധമല്ലാതെയും താഴെ പറയുന്ന കാര്യങ്ങൾക്കായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(എ) കടപ്പത്രങ്ങളുടെ കാലാവധിയും അതിൻമേൽ കൊടുക്കേണ്ട പലിശനിരക്കും നിശ്ചയിക്കുന്നതിന്;

(ബി) കടപ്പത്ര കൈവശക്കാർക്ക് നോട്ടീസ് നൽകിയതിനുശേഷം കടപ്പത്രങ്ങൾ മടക്കിവാങ്ങുന്നതിന്;

(സി) കേടുപറ്റിയതോ നശിപ്പിച്ചതോ ആയ കടപ്പത്രങ്ങൾക്കു പകരം പുതിയ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിന്;

(ഡി) പലിശനിരക്കുള്ള ഒരു വിഭാഗത്തിൽപ്പെട്ട കടപ്പത്രങ്ങൾ വ്യത്യസ്തമായ പലിശനിരക്കുള്ള മറ്റൊരു വിഭാഗം കടപ്പത്രങ്ങളായി മാറ്റുന്നതിന്;

(ഇ) പൊതുവെ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയും.

8. വായ്പകൾ നൽകാൻ കാർഷിക വികസന ബാങ്കുകൾക്കുള്ള അധികാരം.— ഈ ആക്റ്റിലേയും അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി താഴെ പറയുന്ന ആവശ്യങ്ങൾക്കുവേണ്ടി വായ്പകൾ നൽകാൻ കാർഷിക വികസന ബാങ്കിനും പ്രൈമറി ബാങ്കുകൾക്കും അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഭൂമി അഭിവൃദ്ധിപ്പെടുത്തലും ഉൽപ്പാദനാവശ്യങ്ങളും.

വിശദീകരണം.—ഭൂമി അഭിവൃദ്ധിപ്പെടുത്തലും ഉൽപ്പാദനാവശ്യങ്ങളും എന്നതിന് ഭൂമിയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും ജോലി, നിർമ്മാണം അഥവാ പ്രവർത്തനം എന്ന് അർത്ഥമാകുന്നതും പ്രത്യേകിച്ച് താഴെ പറയുന്നവ അതിൽ ഉൾപ്പെടുന്നതുമാണ്, അതായത്:—

(i) കിണറുകളുടെയും (ഉപരിതല കിണറുകൾ ഡഗ്-കം-ബോർ കിണറുകൾ, കുഴൽ കിണറുകൾ, ഫിൽറ്റർ പോയിന്റുകൾ എന്നിവ) കുളങ്ങളുടെയും, ഉപരിതലജലവും ഭൂഗർഭജലവും ചൂഷണം ചെയ്യുന്നതിനുള്ള മറ്റു പണികളുടെയും നിർമ്മാണവും, അറ്റകുറ്റപ്പണികളും, കാർഷികാവശ്യങ്ങൾക്കോ അല്ലെങ്കിൽ കൃഷിക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള കന്നുകാലികളുടെ ഉപയോഗത്തിനോ വേണ്ടിയുള്ള ജലസംഭരണം, വിതരണം അഥവാ വിഭജനം എന്നിവയും, എല്ലാതരം ജലസേചനവും;

(ii) മേൽപ്പറഞ്ഞ ഏതെങ്കിലും പണികൾ പുതുക്കുകയോ അഴിച്ചുപണിയുകയോ അല്ലെങ്കിൽ അതിൽ മാറ്റം വരുത്തുകയോ അതിനോടുകൂടി ചേർക്കുകയോ ചെയ്യൽ;

(iii) ജലസേചനത്തിനായി ഭൂമി തയ്യാറാക്കൽ;

(iv) ഡ്രെയിനേജോ നദികളിൽ നിന്നോ മറ്റ് ജലാശയങ്ങളിൽ നിന്നോ കൃഷിഭൂമി നികത്തിയെടുക്കലോ അഥവാ കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഭൂമിയേയോ കൃഷിക്കനുയോജ്യമായ തരിശുഭൂമിയേയോ വെള്ളപ്പൊക്കത്തിൽ നിന്നോ മണ്ണൊലിപ്പിൽ നിന്നോ അഥവാ വെള്ളംമൂലമുണ്ടാകുന്ന മറ്റു നാശത്തിൽ നിന്നോ സംരക്ഷിക്കൽ;

(v) ബണ്ടുകൾ നിർമ്മിക്കലും, നിരപ്പാക്കലും, തട്ടുകളാക്കി തിരിക്കലും അതുപോലുള്ള പരിഷ്കരണങ്ങളും;

(vi) കാർഷികാവശ്യത്തിനുവേണ്ടി ഭൂമി നികത്തിയെടുക്കലും തെളിയിച്ചെടുക്കലും കെട്ടി അടയ്ക്കലും അഥവാ സ്ഥായിയായ അഭിവൃദ്ധിപ്പെടുത്തലും;

(vii) വനം വച്ചുപിടിപ്പിക്കൽ ഉൾപ്പെടെയുള്ള തോട്ടകൃഷികളും, തോട്ടങ്ങളും;

(viii) ഇതിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി ഓയിൽ എഞ്ചിനുകളും, പമ്പുസെറ്റുകളും, ഇലക്ട്രിക് മോട്ടോറുകളും വാങ്ങിക്കൽ;

(ix) ട്രാക്ടറുകളും, മറ്റു കാർഷിക യന്ത്രങ്ങളും വാങ്ങിക്കൽ;

(x) ഉഴവു മാടുകളും, കാളവണ്ടികളും മററു വണ്ടികളും വാങ്ങിക്കൽ ;

(xi) പ്രത്യേകതരം മണ്ണിട്ട് ഭൂമിയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ ;

(xii) സ്ഥിരസ്വഭാവമുള്ള കളപ്പുരകളും, കാലിത്തൊഴുത്തുകളും കാർഷികോൽപ്പന്നങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ സംസ്കരിക്കുന്നതിനുള്ള ഷെഡ്ഡുകളും നിർമ്മിക്കുകയോ അററകുററപണികൾ നടത്തുകയോ ചെയ്യൽ ;

(xiii) ഭൂമി സംരക്ഷിക്കുവാനായി മൺചുവരുൾപ്പെടെ കല്ലുകൊണ്ടുള്ള മതിലോ മുള്ളുവേലിയോ മറേറതെങ്കിലും തരത്തിലുള്ള വേലിയോ നിർമ്മിക്കുക ; .

(xiv) കൈവശഭൂമികൾ യോജിപ്പിക്കുന്നതിനായി ഭൂമി വാങ്ങിക്കൽ;

(xv) ഈ അദ്ധ്യായത്തിലെ ആവശ്യങ്ങൾക്കായി ഗവൺമെൻറ് അതതു സമയം പ്രത്യേകമായതോ പൊതുവായതോ ആയ ഒരു ഉത്തരവുമൂലം അഭിവൃദ്ധിപ്പെടുത്തൽ എന്നോ ഉൽപ്പാദന ആവശ്യങ്ങൾ എന്നോ പ്രത്യേകം പറയുന്ന മററ് ആവശ്യങ്ങൾ,

(ബി) ക്ഷീരവികസനം, കോഴിവളർത്തൽ, പന്നിവളർത്തൽ, ചെമ്മരിയാടുകളെയും, ആടുകളെയും മററു കന്നുകാലികളെയും വളർത്തൽ, ഉൾനാടൻ മൽസ്യബന്ധനവും സമുദ്ര മൽസ്യബന്ധനവും ;

(സി) യന്ത്രവൽക്കരിച്ചതോ അല്ലാത്തതോ ആയ മൽസ്യബന്ധന ബോട്ടുകൾ, മൽസ്യബന്ധന വലകൾ, നൈലോനുകൾ, കയറുകൾ, മറൈൻ പെയിൻറുകൾ എന്നിവപോലുള്ള മൽസ്യബന്ധന ഉപകരണങ്ങൾ വാങ്ങിക്കൽ;

(ഡി) കാലിത്തീററയും, കോഴിത്തീററയും ഉൽപ്പാദിപ്പിക്കൽ ;

(ഇ) പാൽ, മാംസം, മൽസ്യം, മുട്ട, വളം എന്നിങ്ങനെ ജന്തുജന്യമായ വിഭവങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും സംസ്കരണം, വിപണനം, കയററി അയയ്ക്കൽ എന്നിവയ്ക്കായുള്ള ഉപകരണങ്ങളും യന്ത്രസാമഗ്രികളും സംഭരിക്കുകയും സ്ഥാപിക്കുകയും ചെയ്യൽ ;

(എഫ്) ഗോബർ ഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ ;

(ജി) മുൻകാല കടങ്ങൾ വീട്ടൽ ;

(എച്ച്) 1963-ലെ കേരള ഭൂപരിഷ്കരണ ആക്ററ് (1964-ലെ 1) അനുസരിച്ച് ജൻമിമാരുടെ അവകാശവും ഉടമാവകാശവും അവകാശബന്ധവും വാങ്ങുന്നതിന് കുടിയാൻ നൽകേണ്ട ക്രയവില ഒടുക്കൽ ;

(ഐ) രജിസ്ട്രാറുടെ അംഗീകാരത്തോടെ കാർഷിക വികസനത്തിനായുള്ളതാണെന്ന് അതതുസമയം ബോർഡ് നിശ്ചയിക്കുന്ന മറേറതെങ്കിലും കാര്യങ്ങൾ,

9. <u>വായ്പയ്ക്കുള്ള ജാമ്യം</u>.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, രജിസ്ട്രാർ അംഗീകരിച്ച വില നിർണ്ണയിക്കൽ തത്വങ്ങളുടെ അടിസ്ഥാനത്തിൽ കാർഷിക വികസന ബാങ്കിനും പ്രൈമറി ബാങ്കിനും ഭൂമിയുടെയും മററു സ്ഥാവര സ്വത്തുക്കളുടെയും ഈടിൻമേൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പകൾ നൽകാവുന്നതാണ്.

എന്നാൽ പ്രത്യേകമായതോ, പൊതുവായതോ ആയ ഉത്തരവുമൂലം പ്രത്യേകം പറയാവുന്ന ആവശ്യങ്ങൾക്കും കാലയളവിലേക്കും വസ്തുജാമ്യം ഇല്ലാതെയും എന്നാൽ മുതലും അതിനുള്ള പലിശയും തിരിച്ചട

യ്ക്കുന്നതിനുള്ള വ്യക്തമായ ഗവൺമെന്റ് ഗാരന്റിയിൻമേലും കാർഷിക വികസന ബാങ്കിനും പ്രൈമറി ബാങ്കിനും വായ്പ നൽകാവുന്നതാണ്.

എന്നുമാത്രമല്ല ബോർഡ് നിശ്ചയിക്കാവുന്ന ആവശ്യങ്ങൾക്കും അപ്രകാരമുള്ള കാലയളവിലേക്കും കാർഷിക വികസന ബാങ്കിനും പ്രൈമറി ബാങ്കിനും രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും നിർണ്ണയിക്കാവുന്നപ്രകാരമുള്ള നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വിധേയമായും വായ്പകൾ നൽകാവുന്നതാണ്.

(2) തൽക്കാലം നിലവിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1964-ലെ കേരള ഭൂവികസന ആക്റ്റിലെ (1964-ലെ 17) വ്യവസ്ഥകളനുസരിച്ച് തയ്യാറാക്കി അംഗീകരിക്കപ്പെട്ട ഏതെങ്കിലും ഭൂവികസന പദ്ധതിപ്രകാരം ഭൂവികസന ബാങ്കിനോ പ്രൈമറി ബാങ്കിനോ വസ്തു ജാമ്യത്തിൻമേലോ അല്ലാതെയോ അതതു സംഗതിപോലെ ഗവൺമെന്റും കാർഷിക വികസന ബാങ്കും ആയോ അല്ലെങ്കിൽ പ്രൈമറി ബാങ്കുമായോ സമ്മതിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഏതെങ്കിലുമൊരു വ്യക്തിക്കോ വ്യക്തികളുടെ സംഘത്തിനോ പദ്ധതിയിൽ പ്രത്യേകം പറയുന്ന ജോലികൾ നടത്തുന്നതിനായി വായ്പ അനുവദിക്കുകയോ, അഡ്വാൻസ് നൽകുകയോ ചെയ്യാവുന്നതാണ്.

(3) കാർഷിക വികസന ബാങ്കോ പ്രൈമറി ബാങ്കുകളോ അനുവദിച്ച എല്ലാ വായ്പകളും അഡ്വാൻസുകളും അവയ്ക്കു തിരിച്ചു കിട്ടേണ്ടതോ ഈടാക്കേണ്ടതോ ആയ എല്ലാ തുകകളും അവ തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം ബാങ്കുകൾക്കുള്ള മററു പരിഹാരമാർഗ്ഗങ്ങൾക്കു പുറമേ അത് വസ്തുവിൻമേലുള്ള പൊതുനികുതി കുടിശിക ആയിരുന്നാലെന്നപോലെ ഈടാക്കാവുന്നതാണ്.

10. **വായ്പത്തുകയ്ക്ക് കടം വാങ്ങിയ ആളിന്റെ സ്ഥാവരജംഗമ വസ്തുക്കളിൻമേലുള്ള ചാർജ്.**—(1) 1969-ലെ കേരള സഹകരണ സംഘം ആക്റ്റിലോ (1969-ലെ 21) തൽക്കാലം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ മുൻകാലങ്ങളിലോ പിന്നീടോ ഉള്ള ഭൂനികുതിയോ അഥവാ ഭൂനികുതി എന്നപോലെ പിരിഞ്ഞുകിട്ടാനുള്ള തുകയോ സംബന്ധിച്ച് സർക്കാരിനുള്ള ഏതെങ്കിലും അവകാശങ്ങൾക്ക് വിധേയമായി പ്രൈമറി ബാങ്കിലേക്ക് വായ്പാപേക്ഷ കൊടുക്കുന്ന ഏതെങ്കിലും വസ്തു ഉടമസ്ഥനോ വസ്തുവിൽ കുടികിടപ്പുകാരനെന്ന നിലയിലോ കൈവശക്കാരനെന്ന നിലയിലോ ഏതെങ്കിലും അവകാശമുള്ളയാളോ അഥവാ മറേറതെങ്കിലും സ്ഥാവരജംഗമ വസ്തുക്കളുടെ ഉടമസ്ഥനോ പ്രൈമറി ബാങ്കിന്റെ പേർക്ക് നിർദ്ദിഷ്ട ഫാറത്തിൽ വസ്തുവിൻമേലോ മററു സ്ഥാവര ജംഗമ വസ്തുക്കളിൻമേലോ അവയുടെ അവകാശത്തിൻമേലോ അഥവാ വായ്പത്തുക കൊണ്ട് വാങ്ങാനുദ്ദേശിക്കുന്ന ജംഗമ വസ്തുക്കളിൻമേലോ ആസ്തികളിൻമേലോ ഗഹാൻ ചമയ്ക്കുന്നതോ പണയാധാരം എഴുതികൊടുക്കുന്നതോ ആയുള്ള ഒരു ഡിക്ലറേഷൻ നൽകേണ്ടതും അതിൽ പ്രൈമറി ബാങ്കിൽനിന്നും അയാൾക്ക് വായ്പയായോ മുൻകൂറായോ നൽകുന്നതോ നൽകാനുദ്ദേശിക്കുന്നതോ ആയ വായ്പത്തുകയോ മുൻകൂർ തുകയോ അതിൻമേലുള്ള പലിശസഹിതം തിരിച്ചുപിടിക്കുന്നതിനെപ്പററിയും അതിന് വീഴ്ച വരുത്തുന്ന സംഗതിയിൽ കോടതി ഇടപെടാതെതന്നെ വസ്തു വിൽക്കുന്നതിന് പ്രൈമറി ബാങ്കിന് പൂർണ്ണ അധികാരം നൽകുന്നതുമായ വിവരങ്ങൾ കാണിച്ചിരിക്കേണ്ടതുമാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഡിക്ലറേഷൻ പ്രൈമറി ബാങ്കിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അംഗത്തിന് ഏതു സമയത്തും വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഡിക്ലറേഷൻ നൽകിയിട്ടുള്ള ഏതെങ്കിലും വസ്തുവോ മറ്റു സ്ഥാവരജംഗമ വസ്തുക്കളോ അഥവാ വായ്പകൊണ്ട് ആർജ്ജിക്കാവുന്ന ജംഗമസ്വത്തുക്കളോ ആസ്തികളോ അവയുടെ ഏതെങ്കിലുമോ ഭാഗവും അല്ലെങ്കിൽ അപ്രകാരമുള്ള ഭൂമിയിലോ സ്ഥാവരജംഗമ വസ്തുവിലോ ഉള്ള അവകാശബന്ധമോ പ്രൈമറി ബാങ്കിന്റെ അനുമതി കൂടാതെ പ്രൈമറി ബാങ്കിൽനിന്നും അംഗം എടുത്തിട്ടുള്ള വായ്പയോ അഡ്വാൻസോ മുഴുവനും അതിന്മേലുള്ള പലിശസഹിതം ബാങ്കിൽ അടയ്ക്കുന്നതുവരെ വിൽക്കാനോ മറ്റുപ്രകാരത്തിൽ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതും ഈ ഉപവകുപ്പിന് വിരുദ്ധമായി നടത്തുന്ന എല്ലാ ഇടപാടുകളും അസാധുവായിരിക്കുന്നതുമാകുന്നു.

(4) 1903-ലെ രജിസ്ട്രേഷൻ ആക്റ്റിലോ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) തൽക്കാലം നിലവിലുള്ള ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും വായ്പ തിരിച്ചടയ്ക്കുന്നത് ഉറപ്പു വരുത്തുന്നതിനു വേണ്ടി ചമയ്ക്കുകയോ എഴുതി കൊടുക്കുകയോ ചെയ്ത ഗഹാൻ പ്രഖ്യാപനത്തിന്റെയോ പണയാധാരത്തിന്റെയോ ഒരു പകർപ്പ് അതതുസംഗതിപോലെ കാർഷിക വികസനബാങ്കോ പ്രൈമറി ബാങ്കോ നിർണ്ണയിക്കാവുന്ന സമയത്തിനുള്ളിലും നിർണ്ണയിക്കാവുന്ന വിധത്തിലും മുഴുവൻ വസ്തുവോ അതിന്റെ ഭാഗമോ ഏതു രജിസ്റ്ററിംഗ് ആഫീസറുടെ അധികാരപരിധിയിലാണോ സ്ഥിതിചെയ്യുന്നത് അങ്ങനെയുള്ള രജിസ്റ്ററിംഗ് ആഫീസർക്ക് അയച്ചുകൊടുക്കുന്നപക്ഷം കാർഷികവികസന ബാങ്കിന്റെയോ പ്രൈമറിബാങ്കിന്റെ പേർക്ക് ചമയ്ക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്ത ഗഹാനോ പണയമോ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല.

(5) (4)-ാം ഉപവകുപ്പുപ്രകാരം അയച്ച പ്രഖ്യാപനത്തിന്റെയോ പ്രമാണത്തിന്റെയോ പകർപ്പ് കിട്ടിയാൽ 1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) 51-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള 1-ാം നമ്പർ ബുക്കിൽ രജിസ്റ്ററിംഗ് ആഫീസർ അതതുസംഗതിപോലെ ഫയൽ ചെയ്യേണ്ടതും അതിനുശേഷം അതിന്റെ ഒരു പകർപ്പോ, പകർപ്പുകളോ അങ്ങനെയുള്ള ഗഹാനോ പണയമോ ഏതു വസ്തുസംബന്ധിച്ചാണോ പ്രഖ്യാപനമോ പ്രമാണമോ നൽകിയത് പ്രസ്തുത വസ്തുവിൽ അവകാശബന്ധം സ്ഥാപിച്ചതായി കരുതപ്പെടേണ്ടതും അത് പ്രസ്തുത വസ്തു കൈകാര്യം ചെയ്യുന്ന ഏതൊരാൾക്കുമുള്ള നോട്ടീസ് ആയിരിക്കുന്നതുമാണ്.

11. ഗഹാനും പണയത്തിനും മുൻഗണന ഉണ്ടായിരിക്കുമെന്ന്.—(1) ഗഹാനോ പണയമോ ചമയ്ക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്തതിനു ശേഷം 1964-ലെ കേരള ഭൂവികസന ആക്റ്റ് (1964-ലെ 17) പ്രകാരമോ അല്ലെങ്കിൽ 1961-ലെ കേരള കർഷകവായ്പാ ആക്റ്റ് (1961-ലെ 27) പ്രകാരമോ അനുവദിച്ച വായ്പ സംബന്ധിച്ച് ഗവൺമെന്റിനുള്ള ഏതെങ്കിലും അവകാശത്തിന്മേൽ കാർഷിക വികസന ബാങ്കിന്റെയോ അല്ലെങ്കിൽ ഒരു പ്രൈമറി ബാങ്കിന്റെയോ പേർക്ക് എഴുതിക്കൊടുത്ത ഒരു ഗഹാനോ അല്ലെങ്കിൽ പണയത്തിനോ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

(2) തൽക്കാലം നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കാർഷിക വികസന ബാങ്കിന്റെയോ പ്രൈമറി ബാങ്കിന്റെയോ പേർക്ക് ചമച്ചതോ പ്രമാണം ചെയ്തതോ ആയ ഗഹാന്

അല്ലെങ്കിൽ പണയത്തിന്, ആ വസ്തുവിന്മേലുള്ള വല്ല ജപ്തിയോ അല്ലെങ്കിൽ ഇകവിറബിൾ മോർട്ട്ഗേജിനേയോ സംബന്ധിച്ച് നിർദ്ദിഷ്ട ഫാറത്തിൽ ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിനുശേഷം പ്രസ്തുത നോട്ടീസിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ പ്രസ്തുത ജപ്തിയോ പണയമോ പ്രകാരമുള്ള വല്ല തർക്കമോ അവകാശബന്ധമോ പ്രസ്തുത ബാങ്കിന്റെ ശ്രദ്ധയിൽ പെടുത്താതെയിരുന്നാൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

12. ഗഹാനും പണയവും കാർഷിക വികസന ബാങ്കിന് കൈമാറ്റം ചെയ്യലും നിക്ഷിപ്തമാക്കലും.—ഒരു പ്രൈമറി ബാങ്കിന്റെ പേർക്ക് ചമച്ചതോ എഴുതിക്കൊടുത്തതോ അല്ലെങ്കിൽ ചമച്ചതായോ എഴുതിക്കൊടുത്തതായോ കരുതപ്പെടുന്നതോ ആയ ഒരു ഗഹാനോ പണയമോ അതും പ്രൈമറി ബാങ്കിന്റെ പേർക്ക് കൈമാറ്റം ചെയ്തതോ കൈമാറ്റം ചെയ്തതായി കരുതപ്പെടുന്നതോ ആയ മറ്റെല്ലാ ആസ്തികളും അതതു സംഗതിപോലെ ചമയ്ക്കുകയോ എഴുതിക്കൊടുക്കുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്തതു മുതൽക്കോ അല്ലെങ്കിൽ അങ്ങനെ കരുതപ്പെടേണ്ട തീയതി മുതൽക്കോ, അങ്ങനെയുള്ള പ്രൈമറി ബാങ്ക് കാർഷിക വികസന ബാങ്കിന് കൈമാറ്റം ചെയ്തതായി കരുതപ്പെടേണ്ടതാകുന്നു.

13. ഭൂവികസനത്തിനുവേണ്ടി കടംവാങ്ങിയ പണം.—ഒരു പ്രൈമറി ബാങ്ക് കാർഷിക വികസനത്തിനുള്ള ഏതെങ്കിലും നിശ്ചിത പരിപാടിയിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഭാഗത്തോ ഭാഗങ്ങളിലോ സ്ഥിതിചെയ്യുന്ന ഏതെങ്കിലും ഭൂമിയുടെ വികസനത്തിനുവേണ്ടി പ്രസ്തുത ഭൂമിയിൽ ഉടമാവകാശമുണ്ടെന്നോ അല്ലെങ്കിൽ ആ ഭൂമിയുടെ നിയമാനുസൃത കൈവശമുണ്ടെന്നോ പ്രൈമറി ബാങ്കിന് ബോദ്ധ്യം വരുന്ന ഒരു വ്യക്തിക്ക് വായ്പ അനുവദിക്കുകയും അയാൾ അത് ഭാഗികമായോ മുഴുവനായോ അങ്ങനെയുള്ള വികസനത്തിനുവേണ്ടി ഉപയോഗിക്കുകയും ചെയ്ത സംഗതിയിൽ ആ വസ്തുവിൽ കൂടുതൽ അവകാശമുണ്ടെന്ന കാരണത്താലോ മറ്റേതെങ്കിലും കാരണത്താലോ ഉടമാവകാശം ആർജ്ജിക്കുന്ന ഏതെങ്കിലും വ്യക്തി ഭൂമിയുടെ വികസനത്തിനുവേണ്ടി ഉപയോഗിച്ചിടത്തോളം വായ്പ അതിന്മേലുള്ള പലിശസഹിതം പ്രൈമറി ബാങ്കിന് തിരിച്ചടയ്ക്കേണ്ടതാണ്.

14. നിയന്ത്രിത കൈമാറ്റാവകാശമുള്ള വ്യക്തികൾക്കുള്ള വായ്പ.—(1) ഏതെങ്കിലും നിയമത്തിലോ ആചാരത്തിലോ കീഴ്വഴക്കത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു പ്രൈമറി ബാങ്ക് പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട അംഗത്തിനോ അല്ലെങ്കിൽ സ്ഥാവരവസ്തുക്കളുടെ കൈമാറ്റാവകാശത്തിന് നിയന്ത്രണമുള്ള മറ്റ് ഏതെങ്കിലും വ്യക്തിക്കോ ഒരു വായ്പയോ അഡ്വാൻസോ നൽകുന്ന പക്ഷം, അങ്ങനെയുള്ള അംഗത്തിനോ വ്യക്തിക്കോ വായ്പയുടെ ഉറപ്പിനുവേണ്ടി പ്രസ്തുത വസ്തുവിന്മേൽ പ്രൈമറി ബാങ്കിന്റെ പേരിൽ ഒരു ഗഹാനോ പണയമോ എഴുതിക്കൊടുക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഒരു അംഗമോ വ്യക്തിയോ വീഴ്ചവരുത്തുകയാണെങ്കിൽ, നിയമപ്രകാരമോ കരാറുപ്രകാരമോ, അല്ലെങ്കിൽ മററു വിധത്തിലോ അതിന് ലഭ്യമായ മററ് . ഏതെങ്കിലും പരിഹാര മാർഗ്ഗങ്ങൾക്ക് ഭംഗം കൂടാതെ പ്രൈമറി ബാങ്കിന് അങ്ങനെയുള്ള വസ്തുക്കൾ കൈവശപ്പെടുത്തുന്നതിനും വീഴ്ചവരുത്തിയ ആൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട അംഗമാണെങ്കിൽ ആ ജാതിയിലേയോ വർഗ്ഗത്തിലേയോ ഏതെങ്കിലും ആൾക്കോ മറ്റേതെങ്കിലും സംഗതിയിൽ ഏതെങ്കിലും വ്യക്തിക്കോ വസ്തു പാട്ടത്തിന് കൊടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും പാട്ടത്തിൽ നിന്നും കിട്ടുന്ന

മൊത്തം തുക ബാങ്കിന് ലഭിക്കേണ്ട തുക അടച്ചുതീർക്കുന്നതിനായി വിനിയോഗിക്കാവുന്നതും പ്രൈമറി ബാങ്കിന് കിട്ടേണ്ട തുക മുഴുവൻ തിരിച്ചടയ്ക്കുന്നതുവരെ അംഗത്തിനോ വ്യക്തിക്കോ അങ്ങനെയുള്ള ഭൂമിയുടെ കൈവശം വീണ്ടെടുക്കാൻ അവകാശമില്ലാത്തതുമാകുന്നു.

അദ്ധ്യായം IV

ഉൽപന്നങ്ങളുടെ ജപ്തിയും വിൽപ്പനയും

15. എപ്പോഴാണ് ജപ്തിചെയ്യേണ്ടതെന്ന്.—(1) കാർഷിക വികസന ബാങ്കിന്റെയോ അല്ലെങ്കിൽ പ്രൈമറി ബാങ്കിന്റെയോ പേരിൽ ഏർപ്പെടുത്തിയതോ അല്ലെങ്കിൽ എഴുതിക്കൊടുത്തതോ ആയ ഗഹാനോ പണയമോ പ്രകാരം അടയ്ക്കേണ്ടതായ ഏതെങ്കിലും തവണകളോ അഥവാ അത്തരം തവണയുടെ ഏതെങ്കിലും ഭാഗമോ അടയ്ക്കേണ്ടതായ തീയതി മുതൽ ഒരു മാസത്തിൽ കൂടുതൽ സമയം അടയ്ക്കാതെ കിടക്കുന്നപക്ഷം ലഭ്യമായ മററു ഏതെങ്കിലും പരിഹാരമാർഗ്ഗങ്ങൾക്ക് പുറമേ ബോർഡിനോ കമ്മററിക്കോ അങ്ങനെയുള്ള തവണയോ അല്ലെങ്കിൽ അതിന്റെ ഭാഗമോ. വസൂലാക്കുന്നതിനുവേണ്ടി ഗഹാനോ, പണയത്തിനോ ആധാരമായ വസ്തുവിലെ വിളവുകളുൾപ്പെടെ അതിലുള്ള ഉൽപ്പന്നങ്ങളും വീഴ്ച വരുത്തുന്ന ആളിന്റെ മററ് ജംഗമ വസ്തുക്കളും ജപ്തി ചെയ്യുന്നതിനും വിൽപ്പന നടത്തുന്നതിനും വേണ്ടി രജിസ്ട്രാർക്കോ അല്ലെങ്കിൽ 27-ാം വകുപ്പുപ്രകാരം രജിസ്ട്രാർ നിയമിച്ചിട്ടുള്ള വിൽപ്പന ഉദ്യോഗസ്ഥനോ അപേക്ഷിക്കാവുന്നതാണ്.

(2) 1969-ലെ കേരള സഹകരണസംഘം ആക്ടിൽ (1969-ലെ 21) എന്തുതന്നെ അടങ്ങിയിരുന്നാലും (1)-ാം ഉപവകുപ്പുപ്രകാരം കിട്ടിയ അപേക്ഷയിൻമേൽ ഉൽപ്പന്നങ്ങളും മററ് ജംഗമവസ്തുക്കളും ജപ്തി ചെയ്യുന്നതിനും വിൽക്കുന്നതിനും ആവശ്യമായ നടപടി വിൽപ്പന ഉദ്യോഗസ്ഥന് സ്വീകരിക്കാവുന്നതാണ്.

എന്നാൽ തവണ അടയ്ക്കേണ്ടതായ തീയതി മുതൽ മുപ്പത്താറ് മാസങ്ങൾ കഴിഞ്ഞതിനുശേഷം ജപ്തിചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(3) ജപ്തി അധികമാകുവാൻ പാടില്ലാത്തതും ജപ്തിചെയ്ത വസ്തുവിന്റെ വില, അടയ്ക്കേണ്ട തുകയ്ക്കും ജപ്തിചെയ്യുന്നതിനും വിൽക്കുന്നതിനുമുള്ള ചെലവിനും കഴിയുന്നിടത്തോളം തുല്യമായിരിക്കേണ്ടതുമാകുന്നു.

16. ജപ്തി എങ്ങനെ ചെയ്യണമെന്ന്.—(1) 15-ാം വകുപ്പുപ്രകാരം ഒരു ജപ്തി ചെയ്യുന്നതിനുമുൻപോ അല്ലെങ്കിൽ ആ സമയത്തോ ജപ്തി ചെയ്യുന്ന ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുന്ന ആളിന് ജപ്തി ചെയ്യേണ്ട തുക വ്യക്തമാക്കിക്കൊണ്ട് രേഖാമൂലമുള്ള ഒരു ഡിമാൻഡ് നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) ഡിമാൻറിൽ ജപ്തി ചെയ്യുന്ന ഉദ്യോഗസ്ഥൻ തീയതിവച്ച് ഒപ്പിടേണ്ടതും വീഴ്ചവരുത്തുന്ന ആൾക്കോ അയാളുടെ സാധാരണ വാസസ്ഥലത്തുവച്ച് അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിയായ ഏതെങ്കിലും പുരുഷ അംഗത്തിനോ അല്ലെങ്കിൽ അയാളുടെ അംഗീകൃത ഏജൻറിനോ അതിന്റെ ഒരു പകർപ്പ് നൽകിക്കൊണ്ട് ഡിമാൻഡ് നടത്തേണ്ടതും അഥവാ

അങ്ങനെ ഡിമാൻഡ് നടത്തുവാൻ സാധിക്കാതെ വന്നാൽ ഡിമാൻറിന്റെ ഒരു പകർപ്പ് അയാളുടെ താമസസ്ഥലത്ത് ശ്രദ്ധയാകർഷിക്കുന്ന ഒരു ഭാഗത്തും പണയവസ്തുവിലും പതിച്ചുകൊണ്ട് നടത്തേണ്ടതുമാകുന്നു.

17. ജപ്തിചെയ്ത സ്ഥലത്തിന്റെ വിൽപ്പന.—(1) 16-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഡിമാൻറ് നടത്തി കഴിഞ്ഞ് പതിനഞ്ചു ദിവസത്തിനകം ഏത് തുകയ്ക്കുവേണ്ടിയാണോ ജപ്തി ചെയ്തത് ആ തുക വീഴ്ച വരുത്തിയ ആൾ അടയ്ക്കുന്നില്ലായെങ്കിൽ, ജപ്തി ചെയ്യുന്ന ഉദ്യോഗസ്ഥന് അയാളുടെ അഭിപ്രായത്തിൽ, ജപ്തിചെയ്യുന്നതിനുള്ള ചെലവുകളും വിൽപ്പന നടത്തുന്നതിനുള്ള ചെലവുകളും ഉൾപ്പെടെ ഡിമാൻറ് ചെയ്ത തുകയ്ക്ക് മതിയാകുന്നിടത്തോളം ജപ്തിവസ്തുവോ അതിന്റെ ഭാഗമോ ലേലത്തിൽ വിൽക്കാവുന്നതാണ്.

(2) അപ്രകാരം വിററു കിട്ടിയ തുകയിൽ നിന്ന് വിൽപന നടത്തിയതിനുള്ള ചെലവ് അതതുസമയം രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ കുറയ്ക്കേണ്ടതാണ്.

(3) ബാക്കിതുകയിൽനിന്ന് ജപ്തിചെയ്ത ഉദ്യോഗസ്ഥന് ജപ്തി ചെയ്തത് സംബന്ധിച്ച് ചെലവായ തുക കുറക്കേണ്ടതാണ്.

(4) ബാക്കി തുക എന്തെങ്കിലുമുണ്ടെങ്കിൽ അത് ജപ്തിക്കാധാരമായ തുക വീട്ടുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

(5) അധികത്തുക വല്ലതുമുണ്ടെങ്കിൽ ആ തുക ആരുടെ വസ്തുവാണോ വിൽപ്പന നടത്തിയത് അയാൾക്ക് നൽകേണ്ടതും, വിററു കിട്ടിയ തുകയിൽ നിന്നും ബാദ്ധ്യത തീർത്ത തുകയ്ക്കുള്ള ഒരു രസീത് അയാൾക്ക് നൽകേണ്ടതുമാണ്.

അദ്ധ്യായം V

18. ചാർജ്ജുള്ള വസ്തു കോടതിയുടെ ഇടപെടൽ കൂടാതെ വിൽപ്പന നടത്തുന്നതിനുള്ള അധികാരം.—(1) 1969-ലെ കേരള സഹകരണസംഘം ആക്റ്റിലോ (1969-ലെ 21) 1882-ലെ വസ്തു കൈമാററ ആക്റ്റിലോ 1882-ലെ 4-ാം കേന്ദ്ര ആക്റ്റ്) അല്ലെങ്കിൽ തൽക്കാലം നിലവിലുള്ള മററതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് സ്ഥാവര ജംഗമ വസ്തുക്കളിൻമേൽ കാർഷിക വികസന ബാങ്കിന്റെയോ അല്ലെങ്കിൽ പ്രൈമറി ബാങ്കിന്റെയോ പേരിൽ ഗഹാനോ അല്ലെങ്കിൽ പണയമോ എഴുതി കൊടുത്തിട്ടുണ്ടെങ്കിൽ ബാങ്കിന് കിട്ടേണ്ട തുക അടയ്ക്കുവാൻ വീഴ്ചവരുത്തുന്ന സംഗതിയിൽ പ്രസ്തുത ബാങ്കിന്റെ ബോർഡിനോ കമ്മിററിക്കോ അല്ലെങ്കിൽ ബോർഡോ കമ്മിററിയോ അധികാരപ്പെടുത്തിയ ഏതെങ്കിലും വ്യക്തിക്കോ പ്രൈമറി ബാങ്കിന് ലഭ്യമായ മററ് പരിഹാരമാർഗ്ഗങ്ങൾക്കു പുറമെ ഗഹാനോ പണയത്തിനോ വിധേയമായ വസ്തു കോടതിയുടെ ഇടപെടൽ കൂടാതെ വിൽക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അപ്രകാരമുള്ള യാതൊരു അധികാരവും—

(എ) (1)-ാം ഉപവകുപ്പുപ്രകാരം തങ്ങളിൽ നിക്ഷിപ്തമായ വിൽപ്പന നടത്തുന്നതിനുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് ബോർഡോ കമ്മിററിയോ പ്രസ്തുത വിൽപ്പന നടത്തുന്നതിന് മുൻകൂട്ടി അധികാരപ്പെടുത്തിയിരിക്കുകയും ;

(ബി) പ്രൈമറി ബാങ്കിന് കിട്ടാനുള്ള തുകകളോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗമോ നൽകാൻ ആവശ്യപ്പെട്ടുകൊണ്ട്,

(i) ഗഹാനോ പണയമോ ചമയ്ക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്ത വ്യക്തിക്കും;

(ii) ഗഹാനോ പണയത്തിനോ വിധേയമായ വസ്തുവിൽ ഏതെങ്കിലും അവകാശബന്ധമോ ചാർജോ ഉള്ള ഏതെങ്കിലും വ്യക്തിക്കോ അഥവാ അതു ഒഴിപ്പിച്ചെടുക്കാൻ മറ്റേതെങ്കിലും അവകാശം ഉള്ള വ്യക്തിക്കും;

(iii) പ്രൈമറി ബാങ്കിന് ചെല്ലേണ്ട തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ അടയ്ക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും ജാമ്യക്കാരനും;

(iv) ഗഹാൻ അഥവാ പണയം എഴുതിക്കൊടുത്ത ആളിന്റെ ഉത്തമർണ്ണൻ ഒരു വ്യവഹാരത്തിലൂടെ എസ്റ്റേറ്റിന്റെ നടത്തിപ്പിനുവേണ്ടി ഗഹാനോ പണയത്തിനോ ആധാരമായ വസ്തു വിൽക്കുന്നതിനുവേണ്ടി ഡിക്രി സമ്പാദിച്ചിട്ടുള്ള പക്ഷം അയാൾക്കും; രജിസ്റ്റർ ചെയ്ത നോട്ടീസ് നടത്തിയിരിക്കുകയും;

(സി) ഖണ്ഡം (ബി) യിൽ സൂചിപ്പിച്ചിട്ടുള്ള നോട്ടീസ് നൽകി രണ്ടു മാസം കഴിഞ്ഞതിനുശേഷം പ്രൈമറി ബാങ്കിന് ചെല്ലേണ്ട തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുകയും;

ചെയ്തിട്ടില്ലാത്തപക്ഷവും അതുവരെയ്ക്കും വിനിയോഗിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ (ii)-ഉം (iv)-ഉം ഉപഖണ്ഡങ്ങളിൽ പറയുന്ന വ്യക്തികൾക്ക് അപ്രകാരമുള്ള നോട്ടീസ് നൽകണമെന്ന വ്യവസ്ഥ ബോർഡിനോ കമ്മിറ്റിക്കോ അങ്ങനെയുള്ള തേർച്ചകളെ സംബന്ധിച്ച് നോട്ടീസ് ലഭിച്ചിട്ടുള്ള സംഗതികൾക്ക് മാത്രം ബാധകമായിരിക്കുന്നതാണ്.

19. വിൽപ്പന നടത്തുന്നതിനുള്ള അപേക്ഷയും വിൽപ്പന നടത്തുന്ന വിധവും.—(1) 18 ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം വിൽപനയ്ക്കുവേണ്ടി നൽകപ്പെട്ട അധികാരം വിനിയോഗിക്കുന്നതിന് ബോർഡോ കമ്മിറ്റിയോ അല്ലെങ്കിൽ അതതു സംഗതിപോലെ ബോർഡോ അങ്ങനെയുള്ള കമ്മിറ്റിയോ യഥാവിധി നിയോഗിച്ച ഏതെങ്കിലും വ്യക്തിയോ, പണയവസ്തുവോ അതിന്റെ ഭാഗമോ വിൽക്കുന്നതിനുവേണ്ടി 27-ാം വകുപ്പുപ്രകാരം നിയമിച്ചിട്ടുള്ള വിൽപ്പന ഉദ്യോഗസ്ഥനോട് അപേക്ഷിക്കാവുന്നതും, പ്രസ്തുത ഉദ്യോഗസ്ഥൻ 18-ാം വകുപ്പിൽ അനുശാസിക്കുന്നപ്രകാരമുള്ള നോട്ടീസ് നൽകിയതിനുശേഷം, നിർണ്ണയിക്കപ്പെട്ട വിധത്തിൽ അപ്രകാരമുള്ള വസ്തു വിൽക്കേണ്ടതുമാകുന്നു.

(2) വിൽപ്പന പരസ്യലേലംവഴിയായിരിക്കേണ്ടതും, അത് ഗഹാനോ പണയത്തിനോ ആധാരമായ വസ്തു സ്ഥിതി ചെയ്യുന്ന വില്ലേജിൽ വച്ചോ, അല്ലെങ്കിൽ ഏറ്റവുമടുത്തുള്ള ഒരു പൊതുസ്ഥലത്തുവെച്ച് നടത്തിയാൽ കൂടുതൽ നേട്ടമുണ്ടാകുമെന്ന് വിൽപന ഉദ്യോഗസ്ഥന് അഭിപ്രായമുള്ളപക്ഷം അങ്ങനെയുള്ള ഒരു സ്ഥലത്തുവച്ചോ നടത്തേണ്ടതാണ്.

20. തുക കെട്ടിവച്ച് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷിക്കുകയും, അതിന് വീഴ്ചവരുത്തുകയോ അപേക്ഷ തള്ളിക്കളയുകയോ ചെയ്താൽ, വിൽപ്പന സ്ഥിരപ്പെടുത്തുകയും ചെയ്യൽ.—(1) ഈ അദ്ധ്യായപ്രകാരം ഒരു വസ്തു വിൽക്കുമ്പോൾ പണയദായകനോ അല്ലെങ്കിൽ ആ

വസ്തുവിൽ ഏതെങ്കിലും അവകാശമോ, അവകാശ ബന്ധമോ ഉള്ളതും വിൽപനകൊണ്ട് ബാധിതനുമായ ഒരാൾക്കോ വിൽപ്പന നടത്തിയ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഏതു സമയത്തും ബന്ധപ്പെട്ട വിൽപ്പന ഉദ്യോഗസ്ഥന്റെ പക്കൽ,

(എ) വിൽപ്പനയ്ക്കായുള്ള വിളംബരത്തിൽ കാണിച്ചിരിക്കുന്ന തുകയും അതിന്മേൽ പിന്നിട്ടുണ്ടായ പലിശയും, വസ്തുവിൽക്കുന്നതിനായി ബാങ്കിന് ഏതെങ്കിലും ചെലവു വഹിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അതും, സഹിതം അതതു സംഗതിപോലെ കാർഷിക വികസന ബാങ്കിലോ പ്രൈമറി ബാങ്കിലോ അടയ്ക്കുന്നതിനായും;

(ബി) ക്രയവിലയുടെ അഞ്ചു ശതമാനത്തിനു തുല്യമായ തുക ക്രേതാവിന് നൽകുന്നതിനായും കെട്ടിവച്ചുകൊണ്ട് വിൽപ്പന അസ്ഥിരപ്പെടുത്തിക്കിട്ടുന്നതിനുവേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) അപ്രകാരം തുക കെട്ടിവച്ചിട്ടുണ്ടെങ്കിൽ വിൽപ്പന ഉദ്യോഗസ്ഥന് ആ വിൽപ്പന അസ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം തുക കെട്ടിവെച്ച് അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിലോ, അഥവാ അപേക്ഷ സമർപ്പിക്കുകയും അത് നിരസിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലോ വിൽപ്പന ഉദ്യോഗസ്ഥന്, രജിസ്ട്രാർക്കോ, രജിസ്ട്രാർ ഇതിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വിൽപന സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിനായി അപേക്ഷിക്കാവുന്നതും രജിസ്ട്രാറോ, മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വിൽപ്പന സ്ഥിരപ്പെടുത്തിയാലുടൻ അത് പൂർണ്ണമാകുന്നതും, വസ്തുവിന്റെ വിൽപ്പന നടന്ന സമയം മുതൽ വസ്തു ക്രേതാവിൽ നിക്ഷിപ്തമായതായി കരുതേണ്ടതുമാകുന്നു.

21. വിറ്റുകിട്ടിയ തുക വിഭജിക്കൽ.—(1) ഈ അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം വിൽപ്പന നടത്തിയതിൽ നിന്ന് കിട്ടിയതുക വിൽപ്പന ഉദ്യോഗസ്ഥൻ ഒന്നാമതായി വിൽപനയ്ക്കോ, വിൽപനയ്ക്കുള്ള സംരംഭത്തിനോ ആനുഷംഗികമായി യഥാർത്ഥത്തിൽ അയാൾക്ക് നേരിട്ട എല്ലാ ചെലവുകളും, ചാർജ്ജുകളും, നടപടി ചെലവുകളും കൊടുത്തു തീർക്കുന്നതിനും, രണ്ടാമതായി വസ്തു വിൽക്കുന്നതിന് ഹേതുവായ ഗഹാൻേറയോ, പണയത്തിന്റെയോ പേരിൽ കൊടുക്കേണ്ടതായ എല്ലാ പലിശയും കൊടുക്കുന്നതിനും, മൂന്നാമതായി, ഗഹാനോ പണയമോ സംബന്ധിച്ചുള്ള മുതൽ കൊടുക്കുന്നതിനും, അവസാനമായി, ബാക്കി തുക എന്തെങ്കിലുമുണ്ടെങ്കിൽ വിറ്റവസ്തുവിൽ അവകാശമുണ്ടെന്ന് സ്വയം തെളിയിക്കുന്ന ആൾക്കോ, അഥവാ അങ്ങനെ അവകാശമുള്ളയാളുകൾ ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ അതിന്മേൽ യഥാക്രമം അവർക്കുള്ള അവകാശമനുസരിച്ചോ അല്ലെങ്കിൽ അവരുടെ കൂട്ടായ രസീതിയിന്മേലോ, കൊടുക്കുന്നതിനും വിനിയോഗിക്കേണ്ടതാണ്.

(2) ബാക്കിത്തുക വിതരണം ചെയ്യുന്നതു സംബന്ധിച്ചുള്ള വിൽപ്പന ഉദ്യോഗസ്ഥന്റെ തീരുമാനത്തിൽ ഏതെങ്കിലും ആൾക്ക് അസംതൃപ്തിയുണ്ടെങ്കിൽ, അയാളെ പ്രസ്തുത തീരുമാനം അറിയിച്ചതിന്റെ 30 ദിവസത്തിനകം അയാൾക്ക് തന്റെ അവകാശം വകവച്ചു കിട്ടുന്നതിനുവേണ്ടി ഒരു കോടതിയിൽ കേസ്സ് ഫയൽ ചെയ്യാവുന്നതാണ്.

(3) വില്പന ഉദ്യോഗസ്ഥൻ തന്റെ തീരുമാനം ബന്ധപ്പെട്ട എല്ലാവരെയും അറിയിച്ച തീയതി മുതൽ മുപ്പത് ദിവസം കഴിയുന്നതുവരെയോ അല്ലെങ്കിൽ അങ്ങനെയുള്ള ആരെങ്കിലും മേൽപ്പറഞ്ഞ മുപ്പത് ദിവസത്തിനകം ഒരു വ്യവഹാരം ബോധിപ്പിക്കുകയും അതു സംബന്ധിച്ച നോട്ടീസ് പണം കൊടുക്കുന്നതിനു മുമ്പായി അദ്ദേഹത്തിന് നൽകുകയോ ചെയ്താൽ വ്യവഹാരം തീർപ്പാകുന്നതുവരെയോ അല്ലെങ്കിൽ അതിനെപ്പറ്റിയുള്ള കോടതിയുടെ തീരുമാനമനുസരിച്ചല്ലാതെയോ വില്പന ഉദ്യോഗസ്ഥൻ അങ്ങനെയുള്ള ബാക്കിത്തുക വിതരണം ചെയ്യാൻ പാടുള്ളതല്ല.

(4) വസ്തു വിറ്റതിനുശേഷം ഉണ്ടാകാവുന്ന ഏതെങ്കിലും കുറവ് ഗഹാൻ ഏർപ്പെടുത്തുകയോ പണയം എഴുതി കൊടുക്കുകയോ ചെയ്തിട്ടുള്ള ആളിന്റെ മറ്റേതെങ്കിലും സ്വത്തുക്കളിൽ നിന്നും ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ഈടാക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിൽ "കോടതി" എന്നാൽ ഗഹാൻ അഥവാ പണയം സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിന് അധികാരപരിധിയുള്ളതും വില്പന നടത്തിയ വസ്തു അധികാര പരിധിയിൽ വരുന്നതുമായ സിവിൽകോടതി എന്ന് അർത്ഥമാകുന്നു.

22. ക്രേതാവിനുള്ള സർട്ടിഫിക്കറ്റ്.—വസ്തുവിന്റെ വില്പന പൂർത്തിയാവുകയും വില്പന ഉദ്യോഗസ്ഥന് ക്രയവില മുഴുവനും ലഭിക്കുകയും ചെയ്താൽ, അദ്ദേഹം ക്രേതാവിന് വില്പന നടത്തിയ വസ്തുവും വിറ്റവിലയും, വില്പന നടത്തിയ തീയതിയും, വില്പന നടത്തിയ സമയവും, ക്രേതാവായി പ്രഖ്യാപിക്കപ്പെട്ട ആളിന്റെ പേരും, വില്പന പൂർത്തിയായ ദിവസവും വ്യക്തമാക്കുന്ന ഒരു സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട ഫാറത്തിൽ നൽകേണ്ടതും, അങ്ങനെയുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയാലുടൻ സർട്ടിഫിക്കറ്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ വസ്തുവോ അഥവാ അതിന്റെ ഏതെങ്കിലും ഭാഗമോ അധികാര പരിധിയിൽ വരുന്ന സബ് രജിസ്ട്രാർ ആ സർട്ടിഫിക്കറ്റിലെ ഉള്ളടക്കം സ്ഥാവരവസ്തുക്കളെ സംബന്ധിച്ച രജിസ്റ്ററിൽ ചേർക്കേണ്ടതുമാകുന്നു.

23. ക്രേതാവിന് വസ്തു വിട്ടുകൊടുക്കൽ.—വില്പന നടത്തിയ വസ്തു അതാതുസംഗതിപോലെ ഗഹാൻ ഏർപ്പെടുത്തിയ ആളുടേയോ, പണയക്കാരന്റെയോ അഥവാ അയാൾക്കുവേണ്ടി മറ്റാരുടെയെങ്കിലുമോ അല്ലെങ്കിൽ അതാതുസംഗതിപോലെ കാർഷിക വികസന ബാങ്കിന്റെയോ, പ്രാഥമിക ബാങ്കിന്റെയോ പേരിൽ ഗഹാൻ ഏർപ്പെടുത്തുകയോ പണയപ്പെടുത്തുകയോ ചെയ്തതിനുശേഷം അങ്ങനെയുള്ള ഗഹാൻ ചമയ്ക്കുകയോ പണയം എഴുതി കൊടുക്കുകയോ ചെയ്ത വ്യക്തികൊടുത്ത പാട്ടം അല്ലാത്ത ഒരു ഉടമാവകാശ പ്രകാരം അവകാശപ്പെടുന്ന മറ്റേതെങ്കിലും വ്യക്തിയുടെയോ കൈവശത്തിലിരിക്കുകയും 22-ാം വകുപ്പുപ്രകാരം അതുസംബന്ധിച്ച ഒരു സർട്ടിഫിക്കററു നൽകുകയും ചെയ്തിട്ടുള്ള സംഗതിയിൽ, വിലയ്ക്ക് വാങ്ങിയ ആൾ കൊടുക്കുന്ന അപേക്ഷയിന്മേൽ കോടതി വിലയ്ക്കു വാങ്ങിയ ആളിനു വേണ്ടി വസ്തു ഏറ്റെടുക്കാൻ അയാൾ നിയമിച്ചിട്ടുള്ള മറ്റേതെങ്കിലും വ്യക്തിയ്ക്കോ വസ്തു കൈവശം നൽകാൻ തക്കതായ ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്.

(2) വിറ്റ വസ്തു ഒരു കുടിയാന്റെയോ അഥവാ അത് കൈവശപ്പെടുത്താൻ അവകാശമുള്ള മറ്റേതെങ്കിലും വ്യക്തിയുടെയോ കൈവശത്തിലായിരിക്കുകയും അതു സംബന്ധിച്ച് 22-ാം വകുപ്പുപ്രകാരം ഒരു സർട്ടി

ഫിക്കററ് നല്കുകയും ചെയ്തിട്ടുള്ള സംഗതിയിൽ ക്രേതാവിന്റെ അപേക്ഷയിൻമേൽ കോടതി അങ്ങനെയുള്ള കുടിയാനോ മററ് വ്യക്തിയ്ക്കോ നോട്ടീസ് നൽകിയതിനുശേഷം ആ വസ്തുവിന്റെ ഏതെങ്കിലും സുപ്രധാന ഭാഗത്ത് ക്രയ സർട്ടിഫിക്കററിന്റെ ഒരു പകർപ്പ് പതിച്ചും ആ വസ്തുവിൽ ഗഹാൻ ഏർപ്പെടുത്തിയ ആളോ പണയദായകനോ ഉള്ള അവകാശം വിലയ്ക്ക് വാങ്ങിയ ആളിന് കൈമാററം ചെയ്യപ്പെട്ടതായി, അതിൽ താമസിക്കുന്ന ആളിനെ സൗകര്യപ്രദമായ ഏതെങ്കിലും സ്ഥലത്തുവച്ച് മുരശടിച്ചോ, മററ് ആചാരമുറകളനുസരിച്ചോ അറിയിച്ചുകൊണ്ട് വസ്തു വിട്ടുകൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു.

(3) (1)-ം (2)-ം ഉപവകുപ്പുകളിൽ പറഞ്ഞിരിക്കുന്ന സംഗതികൾക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) ഒന്നാം പട്ടിക ഓർഡർ XXI-ലെ 97 മുതൽ 103 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ ആവശ്യമായ ഭേദഗതികളോടുകൂടി ബാധകമാകുന്നതാണ്.

24. <u>വിലയ്ക്ക് വാങ്ങുന്ന വസ്തു വിൽക്കുമ്പോൾ വാങ്ങുന്നതിനുള്ള കാർഷിക വികസന ബാങ്കിന്റെയും, പ്രാഥമിക ബാങ്കിന്റെയും അവകാശം.</u>—ഈ അദ്ധ്യായപ്രകാരം വില്പന നടത്തുന്ന ഏത് വസ്തുവും കാർഷിക വികസന ബാങ്കിനോ, പ്രൈമറി ബാങ്കിനോ വിലയ്ക്ക് വാങ്ങുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ ട്രസ്ററി നിർണ്ണയിക്കുന്ന സമയത്തിനുള്ളിൽ പ്രസ്തുത ബാങ്ക് വിലയ്ക്ക് വാങ്ങിയ വസ്തുവിന്റെ വില്പന നടത്തേണ്ടതുമാണ്.

25. <u>റിസീവറുടെ നിയമനവും അദ്ദേഹത്തിന്റെ അധികാരങ്ങളും.</u>—(1) ബോർഡിന് സ്വമേധയായോ കാർഷിക വികസന ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽ നിന്നോ പ്രൈമറി ബാങ്കിന്റെ കമ്മിററിയിൽ നിന്നോ ലഭിക്കുന്ന അപേക്ഷയിൻമേലോ, 18-ാം വകുപ്പുപ്രകാരം വസ്തു വില്ക്കാനുള്ള അധികാരം വിനിയോഗിക്കേണ്ട സാഹചര്യത്തിൽ, വസ്തുവിന്റെ മുഴുവൻ ഉല്പന്നവും ആദായവും എടുക്കുന്നതിനോ അഥവാ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ വേണ്ടി ഒരു റിസീവറെ രേഖാമൂലം നിയമിക്കാവുന്നതും, അങ്ങനെ നിയമിക്കുന്ന റിസീവർക്ക് അതതു സംഗതിപോലെ, വസ്തു കൈവശത്തിലെടുക്കുന്നതിനോ, അതിലെ ഉല്പന്നങ്ങളും ആദായവും എടുക്കുന്നതിനോ അധികാരമുണ്ടായിരിക്കുന്നതും; ബോർഡ് നിർണ്ണയിക്കുന്നപ്രകാരമുള്ള ഏതെങ്കിലും പ്രതിഫലം ഉൾപ്പെടെയുള്ള ചെലവുകൾ അദ്ദേഹം ഈടാക്കുന്ന ഏതെങ്കിലും പണത്തിൽ നിന്നും എടുക്കാവുന്നതും, ബാക്കിത്തുക 1882-ലെ ഭൂമി കൈമാററ ആക്റ്റ് (1882-ലെ 4-ാം കേന്ദ്ര ആക്റ്റ്) 69 എ വകുപ്പ് (8)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം വിനിയോഗിക്കാവുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻപ്രകാരം നിയമിച്ചിട്ടുള്ള ഒരു റിസീവറെ, അതതുസംഗതിപോലെ തക്കതായ കാരണത്താലോ, ഗഹാൻ ഏർപ്പെടുത്തിയ ആളുടെയോ പണയദായകന്റെയോ അപേക്ഷയിൻമേലോ ബോർഡിന് മാററാവുന്നതാണ്;

(3) റിസീവറുടെ ഓഫീസിലുള്ള ഒഴിവു ബോർഡിൽ നികത്താവുന്നതാണ്.

(4) പണയവസ്തു ഒരു സിവിൽ കോടതി മുഖാന്തിരം നിയമിച്ചിട്ടുള്ള റിസീവറുടെ കൈവശമാണെങ്കിൽ ഈ വകുപ്പിലുള്ള യാതൊന്നും ഒരു റിസീവറെ നിയമിക്കാൻ ബോർഡിനെ ചുമതലപ്പെടുത്തുന്നതല്ല. എന്നാൽ അതതു സംഗതിപോലെ ബോർഡിനോ കമ്മിററിയ്ക്കോ കാർഷിക വികസന ബാങ്കാണെങ്കിൽ അതിലെ മാനേജിംഗ് ഡയറക്ടർവഴിയായോ പ്രൈമറി ബാങ്കാണെ

യിൽ അതിലേക്ക് സെക്രട്ടറിവഴിയായോ കോടതി നിയമിച്ചിട്ടുള്ള റിസീവർക്ക് തന്റെ ഭരണച്ചെലവുകൾ നടത്തിയതിനുശേഷം അതതു സംഗതിപോലെ തന്റെ പക്കൽ അവശേഷിക്കുന്ന അധികത്തുകകളുടെ ഏതെങ്കിലും ഭാഗമോ അല്ലെങ്കിൽ മുഴുവൻ തുകയോ, ഗഹാനോ പണയമോ മൂലം കൊടുത്തുതീർക്കേണ്ട തുകയോ, അതിന്റെ ഭാഗമോ കൊടുക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുന്നതിന് കോടതിയിൽ അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

26. ക്രേതാവിന്റെ ഉടമാവകാശം ക്രമരഹിതമാണെന്നും മററുമുള്ള കാരണത്താൽ ചോദ്യംചെയ്യാൻ പാടുള്ളതല്ല.—18-ാം വകുപ്പുപ്രകാരം വില്പന നടത്തുന്നതിന് പരസ്യമായി പ്രഖ്യാപിക്കപ്പെട്ട അധികാരം ഉപയോഗിച്ച് വില്പന നടത്തുകയും 20-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം അതിന്റെ നടപടി പൂർത്തിയാവുകയും ചെയ്താൽ, അങ്ങനെ വില്പന നടത്തുവാൻ അധികാരപ്പെടുത്തേണ്ട യാതൊരു കാരണവും ഉണ്ടായിട്ടില്ലെന്നോ, ശരിയായ നോട്ടീസ് നല്കിയിട്ടില്ലെന്നോ അധികാരം മററു വിധത്തിൽ അനുചിതമായും ക്രമരഹിതമായുമാണ് ഉപയോഗിച്ചതെന്നുമുള്ള കാരണങ്ങളാൽ ക്രേതാവിന്റെ ഉടമാവകാശം ചോദ്യം ചെയ്യാൻ പാടുള്ളതല്ല. എന്നാൽ അനധികൃതമായോ അനുചിതമായോ ക്രമരഹിതമായോ ഉള്ള അധികാരം വിനിയോഗംമൂലം ആർക്കെങ്കിലും നഷ്ടം സംഭവിക്കുന്നപക്ഷം അയാൾക്ക് അതതു സംഗതിപോലെ കാർഷിക വികസന ബാങ്കിൽ നിന്നോ, ബന്ധപ്പെട്ട പ്രൈമറി ബാങ്കിൽ നിന്നോ നഷ്ടപരിഹാരം നേടാവുന്നതാണ്.

27. വില്പന ഉദ്യോഗസ്ഥന്റെ നിയമനം.—ഈ ആക്റ്റുപ്രകാരം വില്പന നടത്തുന്നതിലേക്കായി രജിസ്ട്രാർക്ക് വില്പന ഉദ്യോഗസ്ഥന്മാരെ നിയമിക്കാവുന്നതാണ്.

അദ്ധ്യായം VI

പലവക

28. പണയ വസ്തു അപര്യാപ്തമാകുന്ന സംഗതിയിൽ കാർഷികവികസന ബാങ്കിനുള്ള അധികാരങ്ങൾ.—കാർഷിക വികസന ബാങ്കിന്റെയോ, പ്രൈമറി ബാങ്കിന്റെയോ പേരിൽ ഗഹാൻ ചമയ്ക്കുകയോ പണയം എഴുതി കൊടുക്കുകയോ ചെയ്ത ഏതെങ്കിലും വസ്തു അപര്യാപ്തമായിത്തീരുന്ന സംഗതിയിൽ ബോർഡോ, പ്രൈമറി ബാങ്കിന്റെ കമ്മിററിയോ പര്യാപ്തമാകത്തക്കവിധത്തിലുള്ള കൂടുതൽ ഈട് നൽകുന്നതിനോ അല്ലെങ്കിൽ ബോർഡോ കമ്മിററിയോ നിർണ്ണയിക്കുന്നവിധം വായ്പയുടെ ഏതെങ്കിലും ഭാഗം തിരിച്ചടയ്ക്കുന്നതിനോ ഗഹാൻ ചമയ്ക്കുകയോ പണയം എഴുതികൊടുക്കുകയോ ചെയ്ത ആൾക്ക് ന്യായമായ അവസരം നൽകിയിട്ടുണ്ടായിരിക്കുകയും ഈട് നല്കുന്നതിനോ വായ്പയുടെ ഭാഗം തിരിച്ചടയ്ക്കുന്നതിനോ വീഴ്ചവരുത്തിയിട്ടുണ്ടായിരിക്കുകയും ചെയ്യുന്നപക്ഷം, വായ്പത്തുക മുഴുവൻ അപ്പോൾത്തന്നെ ഒരുമിച്ചടയ്ക്കേണ്ടതായിത്തീരുന്നതും, അതതു സംഗതിപോലെ വായ്പത്തുക വസൂലാക്കുന്നതിനുവേണ്ടി ബോർഡിനോ കമ്മിററിയ്ക്കോ 15-ാം വകുപ്പുപ്രകാരമോ 18-ാം വകുപ്പുപ്രകാരമോ ഗഹാൻ എഴുതി കൊടുത്ത ആളിന്റെയോ പണയക്കാരന്റെയോ പേരിൽ നടപടി എടുക്കാൻ അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

വിശദീകരണം.—കാർഷിക വികസന ബാങ്കിനോ പ്രൈമറി ബാങ്കിനോ തല്ക്കാലം ചൊല്ലേണ്ട തുകയേക്കാൾ വസ്തുവിന്റെ വില, കാർഷിക വികസന ബാങ്കിന്റെയോ പ്രൈമറി ബാങ്കിന്റെയോ ബൈലായിൽ പറഞ്ഞിരിക്കാവുന്ന അനുപാതത്തിലും കുറഞ്ഞു വരുന്നപക്ഷം ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിയ്ക്കുള്ളിൽ ഈട് അപര്യാപ്തമായിരിക്കുന്നതാണ്.

29. ഉല്പന്നവും പണയവസ്തുവും ജപ്തിചെയ്ത് വില്പന നടത്താൻ നിർദ്ദേശിക്കുന്നതിന് ബോർഡിനോ ട്രസ്റ്റിയ്ക്കോ ഉള്ള അധികാരം.—(1) 15-ം വകുപ്പോ, 18-ം വകുപ്പോ 28-ം വകുപ്പോ പ്രകാരം കുടിശ്ശികക്കാരനെതിരെ നടപടി നടത്തുവാൻ ബോർഡിനോ ട്രസ്റ്റിനോ പ്രൈമറി ബാങ്കിന്റെ കമ്മിറ്റിയോട് നിർദ്ദേശിക്കാവുന്നതും, അപ്രകാരം ചെയ്യുന്നതിന് കമ്മിറ്റി ഉപേക്ഷ കാണിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം ബോർഡിനോ കമ്മിറ്റിക്കോ അങ്ങനെയുള്ള നടപടി എടുക്കാവുന്നതുമാകുന്നു.

(2) (1)-ം ഉപവകുപ്പുപ്രകാരം ബോർഡ് നടപടി സ്വീകരിച്ചാൽ ഈ ആക്റ്റിലേയും അതിന്റെ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകളിലെ പ്രൈമറി ബാങ്കിനെപ്പറ്റിയോ അതിന്റെ കമ്മിറ്റിയെപ്പറ്റിയോ ഉള്ള എല്ലാ പരാമർശങ്ങളും യഥാക്രമം കാർഷിക വികസനബാങ്കിനേയും ബോർഡിനേയും പറ്റിയുള്ള പരാമർശം എന്നപോലെ അതിന് ബാധകമാകുന്നതാണ്.

(3) (1)-ം ഉപവകുപ്പുപ്രകാരം ട്രസ്റ്റ് നടപടി സ്വീകരിച്ചാൽ, ഈ ആക്റ്റിലേയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകളിലെ, പ്രൈമറി ബാങ്കിനെപ്പറ്റിയോ അതിന്റെ കമ്മിറ്റിയെപ്പറ്റിയോ ഉള്ള എല്ലാ പരാമർശങ്ങളും ട്രസ്റ്റിയെപ്പറ്റിയുള്ള പരാമർശങ്ങളെന്നപോലെ അതിന് ബാധകമാകുന്നതാണ്.

30. ഗഹാനോ പണയമോ ഏർപ്പെടുത്തിയതിനുശേഷം വസ്തുവിൽ ചെയ്ത ദേഹണ്ഡത്തിന് ബാങ്കിനുള്ള അവകാശം.—1958-ലെ കേരള കുടിയാൻമാർക്കുള്ള ദേഹണ്ഡപ്രതിഫല ആക്റ്റിൽ (1958-ലെ 29) എന്തുതന്നെ അടങ്ങിയിരുന്നാലും കാർഷിക വികസന ബാങ്കിന്റെയോ പ്രൈമറി ബാങ്കിന്റെയോ പേർക്ക് ഗഹാൻ ഏർപ്പെടുത്തുകായോ അഥവാ പണയപ്പെടുത്തുകയോ ചെയ്ത തീയതിക്കുശേഷം, ഗഹാൻ അഥവാ പണയവസ്തുവിന്റെ പാട്ടക്കാരൻ ചെയ്ത ഏതെങ്കിലും ദേഹണ്ഡങ്ങൾ ആ വസ്തുവിനുണ്ടായ അഭിവൃദ്ധിയായി പരിഗണിക്കേണ്ടതും ഗഹാൻ അഥവാ പണയംവഴി പ്രസ്തുത ബാങ്കിന് ഈടാക്കേണ്ട തുകയ്ക്ക് അവ ലഭ്യമാകുന്നതുമാണ്.

31. ഗഹാൻ ചമച്ച വ്യക്തിയുടെ അഥവാ പണയദായകന്റെ നിർദ്ധനത്വം ഗഹാന്റെയും പണയത്തിന്റെയും സാധുതയെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.—1955-ലെ നിർദ്ധനത്വ ആക്റ്റി (1956-ലെ 2)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു കാർഷിക വികസന ബാങ്കിന്റെയോ ഒരു പ്രൈമറി ബാങ്കിന്റെയോ പേർക്ക് ചമയ്ക്കുകയോ എഴുതികൊടുക്കുകയോ ചെയ്ത ഗഹാനോ പണയമോ ഉത്തമവിശ്വാസത്തിലോ, വിലപ്പെട്ട പ്രതിഫലത്തിനു വേണ്ടിയോ ചമച്ചതോ എഴുതിക്കൊടുത്തതോ ആയിരുന്നതല്ല എന്ന കാരണത്താലോ അല്ലെങ്കിൽ പ്രസ്തുത ബാങ്കിന്, ഗഹാൻ അഥവാ പണയം ഏർപ്പെടുത്തിയആളിന്റെ മററ് ഉത്തമർണ്ണന്മാരെക്കാൾ മുൻഗണനലഭിക്കുന്നതിനുവേണ്ടി ചമച്ചതോ എഴുതിക്കൊടുത്തതോ ആയിരുന്നു എന്ന കാരണത്താലോ ചോദ്യംചെയ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

32. കാർഷിക വികസന ബാങ്കിന് മുൻകടങ്ങൾ വീട്ടുന്നതിനുള്ള അവകാശം.— ഒരു കാർഷിക വികസന ബാങ്കിന്റെയോ പ്രൈമറി ബാങ്കിന്റെയോ പേർക്ക് ഗഹാൻ ചമയ്ക്കുകയോ അഥവാ പണയം എഴുതി കൊടുക്കുകയോ ചെയ്ത ആളിന്റെ മുൻകടങ്ങൾ വീട്ടുന്നതിനു വേണ്ടി ഗഹാൻ അഥവാ പണയം ഏർപ്പെടുത്തുമ്പോൾ, പ്രസ്തുത ബാങ്കിന്, 1882-ലെ വസ്തു കൈമാററ ആക്റ്റ് (1882-ലെ 4-ാം കേന്ദ്ര ആക്റ്റ്) 83-ഉം 84-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ എന്തു തന്നെ ആയിരുന്നാലും, പ്രസ്തുത കടം ഈടാക്കാനുള്ള ആളിനോട് ബാങ്കിന്റെ രജിസ്റ്റേർഡ് ഓഫീസിൽ വച്ച് പ്രസ്തുത കടമോ അതിന്റെ ഭാഗമോ കൈപ്പററുന്നതിനു വേണ്ടി നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ ഹാജരാകണമെന്ന് നോട്ടീസ് വഴി ആവശ്യപ്പെടാവുന്നതും എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ആൾ നോട്ടീസ് കൈപ്പററാതിരിക്കുകയോ പണം വാങ്ങാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രസ്തുത നോട്ടീസ് കൈപ്പററാതെയും പണം വാങ്ങാതെയുമിരുന്നത് നിയന്ത്രണാതീതമായ കാരണങ്ങളാലായിരുന്നു എന്ന് ബോർഡിനോ പ്രൈമറി ബാങ്കിന്റെ കമ്മിററിക്കോ ബോദ്ധ്യം വരത്തക്കവിധം തെളിയിക്കാത്ത സംഗതിയിൽ നോട്ടീസിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന തീയതി മുതൽ അതതു സംഗതി പോലെ ആ കടത്തിനോ അതിന്റെ ഭാഗത്തിനോ ഉള്ള പലിശ നഷ്ടപ്പെടുന്നതാണ്:

എന്നാൽ വായ്പത്തുകയെപ്പററി തർക്കമുള്ള സംഗതിയിൽ പ്രസ്തുത കടം ഈടാക്കേണ്ടയാൾ കടത്തിനു വേണ്ടി ബാങ്ക് നൽകുന്നതും, വാങ്ങുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതും, എന്നാൽ അങ്ങനെ വാങ്ങുന്നത് അയാൾക്ക് അവകാശപ്പെടുന്ന ബാക്കി തുക, ഏതെങ്കിലുമുണ്ടെങ്കിൽ, അത് ഈടാക്കുന്നതിനുള്ള അവകാശത്തിന് ദൂഷ്യം വരുന്നതുമല്ല.

33. സാക്ഷികളെ വിളിച്ചു വരുത്തുന്നതിനും പ്രമാണങ്ങൾ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം.—(1) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായി രജിസ്ട്രാർക്കും സാമാന്യമോ പ്രത്യേകമോ ആയ രേഖാമൂലമുള്ള ഉത്തരവു മുഖേന ഈ ആവശ്യത്തിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള രജിസ്ട്രാറുടെ കീഴ് ഉദ്യോഗസ്ഥൻമാർക്കും ഗസററിൽ വിജ്ഞാപനം വഴി സർക്കാർ ഈ ആവശ്യത്തിലേയ്ക്ക് അധികാരപ്പെടുത്തുന്ന ഗ്രാമീണ ഋണാശ്വാസ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള മററ് ഉദ്യോഗസ്ഥൻമാർക്കോ 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്ററർ ചെയ്തിട്ടുള്ളതോ രജിസ്ററർ ചെയ്തതായി പരിഗണിക്കപ്പെട്ടിട്ടുള്ളതോ ആയ സഹകരണ ബാങ്കുകളിലെ ഉദ്യോഗസ്ഥൻമാർക്കോ അവർക്കും (1908-ലെ സിവിൽ നിയമ സംഹിത (1908-ലെ കേന്ദ്ര ആക്റ്റ് 5) പ്രകാരം സിവിൽ കോടതിക്ക് ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഉള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അയാളെ സത്യം ചെയ്യിച്ചോ സത്യപ്രതിജ്ഞയിൻമേലോ വിസ്തരിക്കുന്നതിനും ;

(ബി) രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും ;

(സി) സാക്ഷികളെ വിസ്തരിക്കുന്നതിന് കമ്മീഷനെ നിയമിക്കുന്നതിനും .

(2) (1)-ാം ഉപവകുപ്പു മുഖേനയോ അത് പ്രകാരമോ അധികാരപ്പെടുത്തപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും അദ്ദേഹത്തിന്റെ മുൻപിൽ ഹാജരായ ആളിനോട് അന്വേഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിവരം നൽകുന്നതിനോ ആയാളുടെ കൈവശത്തിലോ അധികാരത്തിലോ ഉള്ള പ്രമാണങ്ങൾ അപ്പാടെ ഹാജരാക്കുന്നതിനോ ആവശ്യപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം തന്റെ മുൻപിൽ രേഖകൾ ഹാജരാക്കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് അപ്രകാരം ചെയ്യുന്നത് യുക്തമെന്ന് തോന്നുന്നപക്ഷം പ്രസ്തുത രേഖകളുടേയോ അതിലുള്ള ഉൾക്കുറിപ്പുകളുടെയോ പകർപ്പുകൾ എടുക്കുന്നതിനോ, എടുക്കുന്നതിന് അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതും അങ്ങനെ എടുത്ത പകർപ്പുകൾ നിർണ്ണയിക്കപ്പെട്ട വിധത്തിൽ സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞാൽ അവ അതതു സംഗതി പോലെ യഥാർത്ഥ രേഖയെന്ന പോലെയോ അഥവാ അതിലെ യഥാർത്ഥ ഉൾക്കുറിപ്പുകൾ എന്ന പോലെയോ അത്രത്തോളമോ തെളിവിനായി സ്വീകരിക്കേണ്ടതാകുന്നു.

(4) (1)-ാം ഉപവകുപ്പു പ്രകാരമോ (2)-ാം ഉപവകുപ്പു പ്രകാരമോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും സമൻസോ കല്പനയോ, ഉത്തരവോ മനഃപൂർവ്വമായോ ന്യായമായ കാരണങ്ങളില്ലാതെയോ അനുസരിക്കാതിരിക്കുന്ന ആളിന് അൻപത് രൂപ വരെ പിഴശിക്ഷ നൽകേണ്ടതും അനുസരിക്കാതിരുന്നതിന് വേണ്ടി ഒടുവിൽ ശിക്ഷിക്കപ്പെട്ടതിനു ശേഷവും തുടർച്ചയായി അനുസരിക്കാതിരിക്കുന്ന സംഗതിയിൽ, അപ്രകാരം തുടർന്നു കൊണ്ടിരിക്കുന്ന ഓരോ ദിവസത്തിനും അഞ്ചു രൂപ വീതം കൂടുതൽ പിഴ ചുമത്തേണ്ടതുമാകുന്നു.

(5) ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിക്ക് താഴെയുള്ള യാതൊരു കോടതിക്കും (4)-ാം ഉപവകുപ്പു പ്രകാരമുള്ള ഏതെങ്കിലും കുറ്റങ്ങൾ വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(6) രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ (4)-ാം ഉപവകുപ്പ് പ്രകാരം യാതൊരു ശിക്ഷാനടപടിയും എടുക്കാൻ പാടുള്ളതല്ല.

(7) ബന്ധപ്പെട്ട കക്ഷിക്ക് പറയാനുള്ളത് പറയുവാൻ അവസരം നൽകാതെ (6)-ാം ഉപവകുപ്പ് പ്രകാരമുള്ള അനുമതി നൽകാൻ പാടില്ലാത്തതാണ്.

34. കാർഷിക വികസന ബാങ്കിന്റെയോ പ്രൈമറി ബാങ്കിന്റെയോ പേർക്ക് എഴുതിക്കൊടുത്ത ആധാരങ്ങൾ രജിസ്റ്റർ ചെയ്യൽ.—(1) 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) എന്തു തന്നെ അടങ്ങിയിരുന്നാലും ഒരു കാർഷിക വികസന ബാങ്കിന്റെയോ പ്രൈമറി ബാങ്കിന്റെയോ ഡയറക്റ്റർക്കോ മാനേജിംഗ് ഡയറക്റ്റർക്കോ, സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥനോ തന്റെ ഔദ്യോഗിക നിലയിൽ നടത്തിയതോ, അഥവാ 58-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ഒപ്പിട്ടതോ ആയ ഏതെങ്കിലും പ്രമാണം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച ഏതെങ്കിലും നടപടിക്ക് ഏതെങ്കിലും രജിസ്ട്രേഷൻ ആഫീസിൽ ഏജന്റുവഴിയോ നേരിട്ടോ ഹാജരാകേണ്ട ആവശ്യമില്ല.

(2) ഏതെങ്കിലും പ്രമാണം അപ്രകാരം നടത്തുമ്പോൾ പ്രസ്തുത പ്രമാണം ഏത് ഉദ്യോഗസ്ഥന്റെ മുൻപിലാണോ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കിയിട്ടുള്ളത്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്നപക്ഷം, അതിനെ സംബന്ധിക്കുന്ന വിവരങ്ങൾക്കുവേണ്ടി ഡയറക്ടറോടോ മാനേജിംഗ് ഡയറക്റ്ററോടോ സെക്രട്ടറിയോടോ മറ്റ് ഉദ്യോഗസ്ഥനോടോ

അഭിപ്രായം ചോദിക്കാവുന്നതും പ്രമാണം നടന്നതായി ബോദ്ധ്യം വന്ന് കഴിഞ്ഞതിനുശേഷം അത് രജിസ്റ്റർ ചെയ്യാവുന്നതുമാകുന്നു.

35. പണം വാങ്ങുന്നതിനും നിയമാനുസൃത ഒഴിവുകുറി കൊടുക്കുന്നതിനും പ്രൈമറി ബാങ്കിനുള്ള അധികാരം.—ഒരു പ്രൈമറി ബാങ്കിന്റെ പേരിൽ ചമയ്ക്കുകയോ എഴുതിക്കൊടുക്കുകയോ ചെയ്ത ഒരു ഗഹാൻ അഥവാ പണയം കാർഷിക വികസന ബാങ്കിന്റെ പേരിൽ കൈമാറ്റം ചെയ്യുകയോ 12-ാം വകുപ്പു പ്രകാരം കൈമാറ്റം ചെയ്തതായി പരിഗണിക്കുകയോ ചെയ്തിരുന്നാലും.—

(എ) ഗഹാനോ പണയമോ പ്രകാരം ഈടാകാനുള്ള എല്ലാ തുകകളും, ബോർഡിന്റെയോ ട്രസ്റ്റിയുടെയോ മറിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ ഗഹാൻ പുറപ്പെടുവിക്കുകയും ഗഹാൻ ഏർപ്പെടുത്തിയ ആളെയോ പണയദായകനെയോ അറിയിക്കുകയും ചെയ്തിട്ടില്ലാത്ത പക്ഷം പ്രൈമറി ബാങ്കിന് തന്നെ കൊടുക്കേണ്ടതും അപ്രകാരം കൊടുക്കുന്ന തുകയ്ക്ക് ഗഹാനോ പണയമോ കൈമാറ്റം ചെയ്തിട്ടില്ലാതിരുന്നാലെന്ന പോലെ സാധുതയുണ്ടായിരിക്കുന്നതുമാണ്.

(ബി) ബോർഡോ ട്രസ്റ്റിയോ മറിച്ചുള്ള ഏതെങ്കിലും പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കുകയും അത് പ്രൈമറി ബാങ്കിനെ അറിയിക്കുകയും ചെയ്തിട്ടില്ലെങ്കിൽ ഒരു പ്രൈമറി ബാങ്കിന് ഗഹാനോ പണയമോ പ്രകാരം കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിന് വ്യവഹാരപ്പെടുകയോ മറ്റെതെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്യാവുന്നതാകുന്നു.

36. ആധാരങ്ങളെയോ ആധാരങ്ങളിലെ കുറിപ്പുകളെയോ സംബന്ധിച്ച തെളിവ്.—ഒരു കാർഷിക വികസന ബാങ്കിനോ ഏതെങ്കിലും പ്രൈമറി ബാങ്കിനോ അതിന്റെ പ്രവർത്തനങ്ങൾക്കിടയിൽ ലഭിച്ചതും അവർ സൂക്ഷിച്ചിട്ടുള്ളതുമായ ഏതെങ്കിലും ആധാരത്തിന്റെയോ കുറിപ്പുകളുടെയോ അതിലെ ഏതെങ്കിലും വിവരണത്തിന്റെയോ പകർപ്പ് കൊടുക്കാവുന്നതും അങ്ങനെ കൊടുക്കുന്ന പകർപ്പ് നിർണ്ണയിക്കപ്പെട്ട പ്രകാരം സാക്ഷ്യപ്പെടുത്തിയതാണെങ്കിൽ ഏതാവശ്യത്തിനും അതതു സംഗതി പോലെ യഥാർത്ഥ ആധാരമെന്നനിലയിലോ അതിലെ കുറിപ്പുകളോ എന്ന നിലയിൽ അത്രത്തോളമോ തെളിവിനായി സ്വീകരിക്കാവുന്നതാണ്.

ഉദ്ദേശ കാരണങ്ങളുടെ വിവരണം

1960-ലെ കേരള സഹകരണ ഭൂപണയ ബാങ്ക് ആക്റ്റ് പ്രാബല്യത്തിൽ വന്നപ്പോൾ ഭൂപണയ ബാങ്കുകൾ പഴയ കടങ്ങൾ വീട്ടുന്നതിനുവേണ്ടിയാണ് പ്രധാനമായും വായ്പകൾ നൽകി വന്നിരുന്നത്. വായ്പത്തുകയും തുച്ഛമായിരുന്നു. അത് ജാമ്യാധിഷ്ഠിത രീതിയിലുള്ള വായ്പയായിരുന്നതിനാൽ കൂടുതൽ പ്രാധാന്യം നൽകിയിരുന്നത് ജാമ്യത്തിനായിരുന്നു; ഉല്പാദനത്തിനല്ലായിരുന്നു. വായ്പകൾ നൽകുന്നതിനായി സ്വീകരിച്ചിരുന്ന നടപടിക്രമം ദുഷ്കരമായതും വായ്പ അനുവദിക്കാൻ സാധാരണയിൽ കൂടുതൽ കാലതാമസമുളവാക്കുന്നതും ആയിരുന്നു. വസൂലാക്കൽ നടപടികളും വളരെ ഫലപ്രദമായിരുന്നില്ല. ഭൂപണയ ബാങ്കുകളിൽ നിന്നുള്ള വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നത് കൃഷിക്കാരുടെ സമൂഹത്തിലെ താരതമ്യേന ഉയർന്ന വിഭാഗത്തിലുള്ളവരായിരുന്നു. എന്നാൽ, അതിനുശേഷം വായ്പ നൽകുന്നതു സംബന്ധിച്ചുള്ള നയപരിപാടികളിലും പദ്ധതികളിലും സാരമായ മാറ്റങ്ങൾ ഉണ്ടായി. വായ്പാസമ്പ്രദായം ജാമ്യത്തിന് പ്രാധാന്യം നൽകുന്ന രീതിയിൽ നിന്ന് ഉല്പാദനം വർദ്ധിപ്പി

ക്കുന്നതിന് പ്രാധാന്യം നൽകുന്ന ഒന്നായി മാറി. ഇപ്പോൾ ഏകദേശം തൊണ്ണൂറു ശതമാനം വായ്പകളും നൽകുന്നത് ഉൽപ്പാദനാവശ്യങ്ങൾക്ക് മാത്രമാണ്.

2. മാറിയ സാഹചര്യത്തിൽ, കാർഷികവികസനത്തിൽ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായത്തിന് പ്രാധാന്യം കൈവന്നതോടെ രാജ്യത്തൊട്ടാകെയുള്ള ഭൂപണയബാങ്കുകളുടെ വായ്പ സംരംഭങ്ങളിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മററു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇക്കാര്യത്തിൽ കേരളത്തിലെ പ്രവർത്തനങ്ങൾ വളരെ കുറവാണ്.

3. വായ്പാ പരിപാടികൾ നടപ്പിലാക്കുന്നതിലുള്ള വിജയം ഒരു വലിയ അളവുവരെ വായ്പ കൊടുക്കുന്നതിലും തിരികെ വസൂലാക്കുന്നതിലും ഉള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനെയാണ് ആശ്രയിച്ചിരിക്കുന്നത്. 1960-ലെ കേരള സഹകരണ ഭൂപണയബാങ്ക് ആക്ററുമൂലമോ അതുപ്രകാരമോ സമർപ്പിക്കുന്ന വായ്പയ്ക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനും അനുവദിക്കുന്നതിനും നിർണ്ണയിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ദുഷ്കരവും വളരെ കാലതാമസമുളവാക്കുന്നവയുമാണ്. അതുപോലെതന്നെ ഈ ആക്ററുമൂലമോ അതുപ്രകാരമോ വായ്പതുക വസൂലാക്കുന്നതിന് നിർണ്ണയിച്ചിരിക്കുന്ന നടപടിക്രമവും ഫലപ്രദമല്ല. അതുകൊണ്ട് 1960-ലെ കേരളാ സഹകരണ ഭൂപണയബാങ്ക് ആക്ററിലെ വ്യവസ്ഥകൾ മാറേറണ്ടത് ആവശ്യമാണെന്ന് കരുതുന്നു. ആക്ററിൽ വിപുലമായ ഭേദഗതികൾ ആവശ്യമായതിനാൽ പ്രസ്തുത ആക്ററ് റദ്ദാക്കുന്നതിനും ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ഈ ബില്ലിൽ താഴെപറയുന്ന സംഗതികൾക്കും വ്യവസ്ഥചെയ്യാൻ ഉദ്ദേശിക്കുന്നു :—

(1) ബാങ്കിന്റെ പേരിൽ മാററം വരുത്തുക ;
(2) വായ്പകളിൽ പെട്ടെന്ന് തീരുമാനമെടുക്കുക ;
(3) വസൂലാക്കുന്നതിനുള്ള എളുപ്പവും ഫലപ്രദവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക ;
(4) ജാമ്യവ്യവസ്ഥകൾ ഉദാരമാക്കുക ;
(5) വനം വച്ചുപിടിപ്പിക്കൽ, ക്ഷീരവ്യവസായം, പന്നിവളർത്തൽ, കോഴിവളർത്തൽ, മത്സ്യബന്ധനം മുതലായവയും അതുപോലെതന്നെ ആനുഷംഗിക പ്രവൃത്തികളായ സംസ്കരണം, വിപണനം, സംഭരണം, കയററി അയയ്ക്കൽ മുതലായ പുതിയ പ്രവൃത്തികൾ ചെയ്യുക ;
(6) ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട വായ്പാസഹായം നൽകുക ;
(7) ഇലക്ട്രിസിററി ബോർഡിനും മററു സമിതികൾക്കും ധനസഹായം നൽകുക.

ധനകാര്യ മെമ്മോറാണ്ടം

ഗവൺമെൻറിൽ നിന്നും അഗ്രികൾച്ചറൽ റിഫൈനാൻസ് ആൻറ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ മുതലായവയിൽ നിന്നും വായ്പയായി പണം കടം വാങ്ങാൻ കാർഷികവികസന ബാങ്കിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 4-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡം 3-ാം വകുപ്പുപ്രകാരം, പുറപ്പെടുവിച്ചിട്ടുള്ള കടപ്പത്രങ്ങളുടെയോ അല്ലെങ്കിൽ 4-ാം വകുപ്പുപ്രകാരം നൽകിയിട്ടുള്ള ബോണ്ടുകളുടെ [illegible] സ്വരൂപിച്ചിട്ടുള്ള

വായ്പയുടെയോ മുതലിനും പലിശയ്ക്കും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഏറ്റവും ഉയർന്ന തുകയ്ക്കും അവർക്ക് യുക്തമെന്നു തോന്നുന്ന മറ്റു നിബന്ധനകൾക്കും വിധേയമായി ഗവൺമെന്റിന്റെ ഗാരന്റി ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 6-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം. കാർഷിക വികസന ബാങ്കിനും പ്രൈമറി ബാങ്കുകൾക്കും പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം ഗവൺമെന്റ് നിശ്ചയിക്കാവുന്ന ആവശ്യങ്ങൾക്കും അങ്ങനെയുള്ള കാലത്തേയ്ക്ക് വസ്തു ജാമ്യം കൂടാതെ എന്നാൽ മുതൽ തിരിച്ചടയ്ക്കുന്നതിനും അതിൻമേലുള്ള പലിശ അടയ്ക്കുന്നതിനുമുള്ള സർക്കാരിന്റെ വ്യക്തമായ ഗാരന്റിയിൻമേൽ വായ്പ അനുവദിക്കാം എന്ന് വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് 9-ാം ഖണ്ഡത്തിലെ ഒന്നാം ക്ലിപ്തനിബന്ധന. ഗാരന്റി അനുസരിച്ച് നടപടിയെടുക്കുകയാണെങ്കിൽ പണം സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും കൊടുക്കേണ്ടതാണ്.

2. വായ്പയോ മറ്റോ ഏതെങ്കിലും ഗാരന്റിയനുസരിച്ച് നടപടിയെടുക്കുകയാണെങ്കിൽ ചെലവിനത്തിൽ വഹിക്കേണ്ടിവരുന്ന തുകയായോ ഗവൺമെന്റ് ബാങ്കിന് നൽകേണ്ടിവരുന്ന തുക എത്രയായിരിക്കുമെന്ന് ഇപ്പോൾ കണക്കാക്കാൻ സാധിക്കുകയില്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡം (2) (എ) എന്ന ഉപഖണ്ഡം, ഗസറ്റിൽ വിജ്ഞാപനംമൂലവും ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ആറുമാസത്തിനു മുൻപ് അല്ലാത്തതും പ്രത്യേകം പറയുന്നതുമായ തീയതി മുതൽ 14 ദിവസത്തിൽ കുറയാത്ത നോട്ടീസും നൽകി 6-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം ഗവൺമെന്റ് നൽകിയ ഏതെങ്കിലും ഗാരന്റി നിറുത്തലാക്കുന്നതിനോ അതനുസരിച്ചുള്ള പരമാവധി തുക നിയന്ത്രിക്കുന്നതിനോ അഥവാ ഏതു നിബന്ധനകൾക്ക് വിധേയമായിട്ടാണോ അത് നൽകിയത് ആ നിബന്ധനകൾ ഭേദഗതി ചെയ്യുന്നതിനോ ഗവൺമെന്റിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

കടപ്പത്രങ്ങളുടെ കാലാവധിയും, അതിനു കൊടുക്കേണ്ട പലിശനിരക്കും നിശ്ചയിക്കുന്നതിനും, കടപ്പത്രങ്ങളുടെ കൈവശക്കാർക്ക് നോട്ടീസ് നൽകിയതിനുശേഷം കടപ്പത്രങ്ങൾ തിരിച്ചുപിടിക്കുന്നതിനും, കേടുപറ്റിയതോ നശിപ്പിക്കപ്പെട്ടതോ ആയ കടപ്പത്രങ്ങൾക്കുപകരം പുതിയ കടപ്പത്രങ്ങൾ നൽകുന്നതിനും, ഒരു വിഭാഗത്തിൽപ്പെട്ട കടപ്പത്രങ്ങളെ വ്യത്യസ്ത പലിശ നിരക്കുള്ള മറ്റൊരു വിഭാഗം കടപ്പത്രങ്ങളാക്കി മാറ്റുന്നതിനും, പൊതുവെ പ്രസ്തുത II-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി, ട്രസ്റ്റിയുടെ അംഗീകാരത്തിനുവിധേയമായി II-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാൻ ബോർഡിനെ അധികാരപ്പെടുത്തുന്നതിനുള്ളതാണ് 7-ാം ഖണ്ഡം.

II-ാം അദ്ധ്യായത്തിലെ ആവശ്യങ്ങൾക്കുവേണ്ടി പ്രത്യേകമായതോ പൊതുവായതോ ആയ ഉത്തരവുമൂലം പ്രസ്തുത ഉപഖണ്ഡത്തിൽ പറയാത്തതായ കാര്യങ്ങളെ 'അഭിവൃദ്ധിപ്പെടുത്തലും' 'ഉൽപ്പാദനക്ഷമമായ കാര്യങ്ങളും' ആയി നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് 8-ാം ഖണ്ഡം (എ) എന്ന ഉപഖണ്ഡത്തിലെ (XV) എന്ന ഇനം.

ബോർഡ് നിശ്ചയിക്കാവുന്ന ആവശ്യങ്ങൾക്കും അങ്ങനെയുള്ള കാലത്തേക്കും രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി കാർഷിക വികസന ബാങ്കും പ്രൈമറി ബാങ്കുകളും വായ്പ നൽകുമ്പോൾ അതിനുള്ള നിയന്ത്രണങ്ങളും പരിമിതികളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 9-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിലെ 2-ാമത്തെ ക്ലിപ്ത നിബന്ധന.

വായ്പ തിരിച്ചടയ്ക്കുന്നത് ഉറപ്പാക്കുന്നതിനുവേണ്ടി ഗഹാനോ പണയമോ ഉണ്ടാക്കുകയോ പ്രമാണം ചെയ്യുകയോ ചെയ്തതു സംബന്ധിച്ച പ്രഖ്യാപനത്തിന്റെയോ പ്രമാണത്തിന്റെയോ പകർപ്പു കാർഷിക വികസന ബാങ്കോ പ്രൈമറി ബാങ്കോ ഏത് സമയത്തിനുള്ളിൽ ഏത് രീതിയിൽ ആണ് ഗഹാനോ പണയമോ സംബന്ധിക്കുന്ന വസ്തു മുഴുവനായോ ഭാഗികമായോ കിടക്കുന്ന സ്ഥലത്ത് അധികാര പരിധിയുള്ള രജിസ്ററിംഗ് ആഫീസർക്ക് അയച്ചുകൊടുക്കേണ്ടത് എന്ന് നിർദ്ദേശിക്കാനുള്ള അധികാരം ആനുഷംഗികമായി സർക്കാരിന് നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 10-ാം ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം.

കാർഷിക ബാങ്കിനോ പ്രൈമറി ബാങ്കിനോ ചെല്ലേണ്ടതുക വസൂലാക്കുന്നതിനുവേണ്ടി വിററ വസ്തു വിലയ്ക്കു വാങ്ങിയ ആൾക്ക് വിൽപ്പന ഉദ്യോഗസ്ഥൻ നൽകേണ്ട സർട്ടിഫിക്കററിന്റെ മാതൃക നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 22-ാം ഖണ്ഡം.

33-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ ഏതെല്ലാം നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമായാണ് ആ ഉപഖണ്ഡം മൂലമോ അതിൻപ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥന് ഈ ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത അനുസരിച്ച് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നത് എന്ന് നിർണ്ണയിക്കാൻ ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്യുന്നു. പ്രസ്തുത ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡം, ഏതെങ്കിലും പ്രമാണത്തിന്റെയോ അതിലുള്ള ഏതെങ്കിലും ഭാഗത്തിന്റെയോ പകർപ്പുകൾ ഏത് ആഫീസറുടെ മുൻപിലാണോ അത്തരം ആധാരം പ്രസ്തുത ഖണ്ഡത്തിലെ (1)-ാം ഉപവകുപ്പുപ്രകാരമോ (2)-ാം ഉപഖണ്ഡപ്രകാരമോ ഹാജരാക്കിയിട്ടുള്ളത്, ആ ആഫീസർ ഏത് രീതിയിൽ സാക്ഷ്യപ്പെടുത്തണമെന്ന് നിർണ്ണയിക്കാനുള്ള അധികാരം സർക്കാരിന് നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

കാർഷിക വികസനബാങ്കോ, പ്രൈമറി ബാങ്കുകളോ അവർക്കു ലഭിക്കുന്നതും അവർ സൂക്ഷിക്കുന്നതുമായ പ്രമാണങ്ങളുടെ പകർപ്പുകൾ ഏത് രീതിയിൽ ആണ് സാക്ഷ്യപ്പെടുത്തേണ്ടതെന്ന് നിർണ്ണയിക്കുവാൻ ഗവൺമെന്റിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 36-ാം ഖണ്ഡം

46-ാം ഖണ്ഡം ഈ ആക്റ്റിനും, അതിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്തവിധത്തിൽ പ്രസ്തുത ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് റെഗുലേഷനുകൾ ഉണ്ടാക്കാൻ ബോർഡിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ഈ ആക്റ്റിലെ എല്ലാ ആവശ്യങ്ങളുമോ, ഏതെങ്കിലും ആവശ്യമോ നടപ്പിലാക്കാൻവേണ്ടി ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 47-ാം ഖണ്ഡം. ചട്ടങ്ങൾ ഉണ്ടാക്കേണ്ട വിവിധ

സംഗതികളെ സംബന്ധിച്ച് പ്രസ്തുത ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ട്.

വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടതോ അഥവാ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടതോ ആയ സംഗതികൾ സാധാരണ ഗതിയിലുള്ളതോ ഭരണപരമായതോ ആയ സംഗതികളുടെ വിശദാംശം സംബന്ധിച്ചുള്ളതാണ്. ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണാധികാരം അങ്ങനെ സാധാരണ സ്വഭാവമുള്ളതാണ്.

ടി. കെ. രാമകൃഷ്ണൻ,

(ശരിപ്പകർപ്പ്)

പി. ജഗദമ്മ,
അഡീ. ചീഫ് സെക്രട്ടറി.
